# ദി ഡിഫെൻഡർ

Vol. No. 9 Issue No. 20 RNI Reg. No. 68089 / 97. Published From Perumbavoor 2006 OCTOBER 16 Price: Rs.100/- P.A.

## പവ്വർ വിഷൻ ചാനൽ വിശ്വാസത്യാഗത്തിലേക്ക്

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ നേതൃത്വം കൊടുക്കുന്ന പവ്വർ വിഷൻ സത്യവിശ്വാസം ഏറെക്കുറെ ത്യജിച്ചു കഴിഞ്ഞതായി ഈ ചാനലിന്റെ വെബ്സൈറ്റ് വ്യക്തമാക്കുന്നു. കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവരും അംഗീകരിക്കുന്ന ഏതാനും കാര്യങ്ങൾ ഒഴികെയുള്ള എല്ലാ വിശ്വാസപ്രമാണങ്ങളും പവ്വർ വിഷൻ ഉപേക്ഷിച്ചു കഴിഞ്ഞു.

പവ്വർ വിഷന്റെ ഔദ്യോഗിക സൈറ്റായ powervisiontv.orgൽ ചാനലിന്റെ വിശ്വാസപ്രമാണം കൊടുത്തിട്ടുണ്ട്. ബൈബിൾ, ത്രിത്വം, യേശുക്രിസ്തു, പരിശുദ്ധാത്മാവ്, സുവിശേഷീകരണം, സ്വർഗ്ഗം, നരകം എന്നിവയിലുള്ള വിശ്വാസത്തേക്കുറിച്ചു മാത്രമേ വെബ്സൈറ്റിൽ പറയുന്നുള്ളൂ. (വിശദ വിവരങ്ങൾ മൂന്നാം പേജിൽ). വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം തുടങ്ങി പെന്തക്കോസ്ത് വിശ്വാസത്തിന്റെ മുഖമുദ്രയായ സുപ്രധാന വിഷയങ്ങളേക്കുറിച്ച് മിണ്ടുന്നതേയില്ല. ചാനലിന്റെ വെബ്സൈറ്റിൽ പറയുന്ന കാര്യങ്ങൾ മാത്രം വിശ്വസിച്ചാൽ മതിയെങ്കിൽ ഐ.പി.സി എന്തിന് നിലനിൽക്കുന്നു എന്ന ചോദ്യത്തിന് മറുപടിയില്ല. സാധുക്കളായ ദൈവമക്കൾ ചോര നീരാക്കി ഉണ്ടാക്കിയ പണം സംഭാവനയായി വാങ്ങിയാണ് കെ.സി.ജോൺ ഈ വഞ്ചന നടത്തുന്നത്.

വ്യഭിചാരം പ്രധാന തൊഴിലായി കൊണ്ടുനടക്കുന്ന കെ.സി. ജോൺ സാത്താന്റെ കൈയ്യിലെ ആയുധമാണ്. ദൈവമക്കളെ ദുരുപദേശക്കുരുക്കിൽ അകപ്പെടുത്താൻ സാത്താൻ ഒരുക്കിയ ഒരു കെണിയാണ് പവ്വർ വിഷൻ. ആകയാൽ ദൈവജനം സൂക്ഷിക്കുക, കെ.സി. ജോണിന്റെ ചതി തിരിച്ചറിയുക.

## നെടുമ്പ്രം ഐ.പി.സിയിൽ ശാപവർഷവും ഉപവാസവും

കെ.സി.ജോൺ പാസ്റ്ററായിരിക്കുന്ന നെടുമ്പ്രം ഐ.പി.സി സഭയിൽ ശാപവും ഉപവാസവും പൊടിപൊടിക്കുകയാണ്. കെ.സി.ജോണിന്റെ ഭാര്യയായ പ്രെയ്സും സഭയിലെ അസിസ്റ്റന്റ് പാസ്റ്ററായ ഷാജിയും തമ്മിലുള്ള അവിഹിതബന്ധം ഡിഫെൻഡർ പുറത്തു കൊണ്ടുവന്നതിലുള്ള ജാള്യം മറക്കാനാണ് ശാപവും ഉപവാസവും.

തന്റെ ഭാര്യയും അസിസ്റ്റന്റുമായുള്ള അവിഹിത ഇടപാടുകൾ പുറത്തു കൊണ്ടുവന്ന ഡിഫെൻഡറിനേയും പത്രാധിപരായ ടി.എസ്.ബാലനേയും ഭസ്മമാക്കാനാണ് കെ.സി.ജോൺ ശപിച്ചുകൊണ്ടിരിക്കുന്നത്. ബഹറിൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ശേഷം സഭയിൽ നടത്തിയ പ്രസംഗത്തിലാണ് ശാപം പെരുമഴയായി പെയ്തിറങ്ങിയത്.

ദുർന്നടപ്പ് ഗൗരവമുള്ള പാപമായി കെ.സി.ജോൺ കാണുന്നില്ല. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചിട്ടുള്ള കെ.സി. ജോണിന് ദുർന്നടപ്പ് പാപമായി കണക്കാക്കാനും കഴിയുകയില്ല. അതുകൊണ്ടാണ് തന്റെ ഭാര്യയും ഷാജിയും തമ്മിൽ അവിഹിത ബന്ധം പുലർത്തുന്ന വിവരം അറിഞ്ഞിട്ടും കെ.സി.ജോൺ നാളിതുവരെ പ്രതികരിക്കാതിരുന്നത്. പക്ഷേ ഡിഫെൻഡർ ഈ വിവരം പുറത്താക്കിയതോടെ കെ.സി.ജോണിന്റെ നില പരുങ്ങലിലായി. പൊതുജനം ഇതേപ്പറ്റി ഫോണിലൂടെയും മറ്റും അന്വേഷിക്കുന്നു. ഇങ്ങനെയൊന്നും നടക്കുന്നില്ലെന്നും മഞ്ഞപ്പത്രമായ ഡിഫെൻഡർ കള്ളം പറയുകയാണെന്നും ഒക്കെ പറഞ്ഞ് തടിതപ്പാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇത്തരം മറുപടികളൊന്നും പൊതുജനത്തെ തൃപ്തിപ്പെടുത്താൻ മതിയാകുന്നില്ല. ഡിഫെൻഡർ എഴുതുന്നത് കള്ളമാണെങ്കിൽ എന്തുകൊണ്ട് ഡിഫെൻഡറിനെതിരെ മാനനഷ്ടക്കേസ്സ് കൊടുക്കുന്നില്ല എന്ന ചോദ്യത്തിന് മറുപടിയില്ല. മാനം ഇല്ലാത്തതുകൊണ്ട് മാനനഷ്ടവും ഉണ്ടായിട്ടില്ല എന്ന സത്യം തുറന്നു പറയാനുള്ള ധൈര്യം കെ.സി. ജോണിനില്ല.

സാത്താൻ സഭയ്ക്കെതിരെ പോരാടുകയാണെന്നും അതുകൊണ്ട് സഭാംഗങ്ങൾ ഉപവസിക്കണമെന്നും ഒക്കെ പറഞ്ഞ് കെ.സി.ജോൺ സഭാംഗങ്ങളെ ഒതുക്കി നിർത്താൻ പെടാപ്പാട് പെടുകയാണ്. രണ്ടാഴ്ച മുൻപ് സഭയിൽ ഉഗ്രൻ ഉപവാസം നടത്തി. ഇപ്പോൾ റിലേ ഉപവാസമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഓരോ ദിവസവും രണ്ടു കുടുംബങ്ങൾ വീതം ഉപവസിക്കുക. അങ്ങനെ നാല്പതു ദിവസം ഉപവാസം തുടരും. ഉപവാസം തീരുന്നതോടെ ബാലന്റെ തല പോകും. ഡിഫെൻഡർ നിന്നുപോകുകയും ചെയ്യും. പിന്നെ ആരുടേയും ശല്യം കൂടാതെ വ്യഭിചരിക്കാം. ഇതാണ് കെ.സി.ജോണും ഭാര്യയും ഷാജിയും കരുതുന്നത്.

ബാലനെതിരെ ശാപം ചൊരിയുകയും ഉപവാസപ്രഖ്യാപനത്തിലൂടെ വിശ്വാസികളുടെ വായടയ്ക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സഭയിൽ അസംതൃപ്തി പുകയുകയാണ്. ഡിഫെൻഡർ പറയുന്നത് സത്യമാണെന്ന് നെടുമ്പ്രം സഭയിലെ വിശ്വാസികൾക്കും നാട്ടുകാർക്കും അറിയാം. അതുകൊണ്ട് ഡിഫെൻഡർ കള്ളം പറയുകയാണെന്നു പറഞ്ഞ് കെ.സി.ജോണിന് തടിതപ്പാൻ കഴിയുമെന്ന് തോന്നുന്നില്ല. ഷാജിയെ പുറത്താക്കാൻ പ്രെയ്സ് സമ്മതിക്കുന്നുമില്ല.

## കെ.കെ.ചെറിയാന്റെ തന്ത്രം പാളി പെരുമ്പെട്ടി ഐ.പി.സി പൂട്ടി

ടി.എസ്.ഏബ്രഹാമിന്റെ ഒടുക്കത്തെ ഉത്തരവിന്റെ ബലത്തിൽ പെരുമ്പെട്ടി സഭയിൽ നിന്ന് ഏബ്രഹാം ഷാജിയെ ഇറക്കി വിടാമെന്നും അങ്ങനെ തന്റെ ശക്തി തെളിയിക്കാമെന്നും മന: കോട്ട കെട്ടി ഇറങ്ങിത്തിരിച്ച കെ.കെ.ചെറിയാന്റെ പദ്ധതി പൊളിഞ്ഞു. പെരുമ്പെട്ടി ഫിലാഡൽഫിയ ഐ.പി.സി ഹാൾ അടഞ്ഞു കിടക്കുന്നു. റ്റി.എസ്.ഏബ്രഹാമിന്റെ ഉത്തരവ് ദൈവം നടത്തിക്കൊടുക്കാനും സഭാഹാൾ തുറന്നു കിട്ടാനുമായി കെ.കെ.ചെറിയാൻ ഇപ്പോൾ സെന്ററിൽ ഉപവാസം പ്രഖ്യാപിച്ചിരിക്കയാണ്. (ടി. എസ്.ഏബ്രഹാമിന്റെ ഉത്തരവുകൾ നടത്തിക്കൊടുക്കുകയാണല്ലോ ദൈവത്തിന്റെ മുഖ്യജോലി).

ഗുണ്ടകളുമായി എത്തുമ്പോൾ ഏബ്രഹാം ഷാജി ഭയന്നു വിറയ്ക്കുമെന്നും എതിർപ്പൊന്നും കൂടാതെ ഇറങ്ങിക്കൊടുക്കുമെന്നും കെ.കെ.ചെറിയാൻ കരുതിയിരുന്നു. അങ്ങനെ പുതിയ പാസ്റ്ററെ വാഴിച്ച് ജയാളിയായി മടങ്ങാമെന്നായിരുന്നു കണക്കുകൂട്ടൽ. പക്ഷേ ടി.എസ്.ഏബ്രഹാം നിയമവിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവ് മാനിക്കാൻ പറ്റില്ലെന്നും സഭാശുശ്രൂഷ ഒഴിയാൻ തയ്യാറല്ലെന്നും ഏബ്രഹാം ഷാജി തീരുമാനിച്ചത് കെ.കെ.ചെറിയാന് തിരിച്ചടിയായി. വിശ്വാസികളിൽ ഭൂരിപക്ഷവും ഏബ്രഹാം ഷാജിയെ പിൻതുണയ്ക്കുകകൂടി ചെയ്തതോടെ കെ.കെ.ചെറിയാന് പരാജയം സമ്മതിച്ച് പിൻവാങ്ങേണ്ടതായി വന്നു. തിരുവല്ല ഡി.വൈ.എസ്.പിയെ സ്വാധീനിച്ച് ഏബ്രഹാം ഷാജിയെ ഇറക്കി വിടാനുള്ള ശ്രമവും വിജയിച്ചില്ല. മാത്രമല്ല ക്രമസമാധാനപ്രശ്നം ഒഴിവാക്കാൻ ഡി.വൈ.എസ്.പി സഭാഹാൾ പൂട്ടാൻ നിർദ്ദേശിക്കയും ചെയ്തു. അങ്ങനെ വെളുക്കാൻ തേച്ചത് പാണ്ടായി.

ഏബ്രഹാം ഷാജിയെ ഇറക്കി വിടാൻ കെ.കെ.ചെറിയാൻ എന്തിന് അമിതാവേശം കാണിച്ചു? അതിന്റെ പിന്നിൽ ഒരു രഹസ്യമുണ്ട്.

കെ.പി.കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കിയിട്ടും കെ.പി.കുര്യൻ ഇപ്പോഴും ആമല്ലൂർ സഭയിൽ പാസ്റ്ററായി തുടരുന്നു. കുര്യനെ ഇറക്കി വിടാൻ തിരുവല്ല സെന്റർ പാസ്റ്ററായ കെ. സി.ജോണിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ഏബ്രഹാം ഷാജിയെ പുറത്താക്കിയതായി അറിയിപ്പു ലഭിച്ചയുടൻ ഒഴിപ്പിക്കൽ ശുശ്രൂഷ നടത്താൻ കഴിഞ്ഞാൽ കെ.കെ.ചെറിയാൻ കെ. സി.ജോണിനേക്കാൾ കഴിവുള്ളവനാണെന്ന് തെളിയുമല്ലോ. ഭാവിയിൽ ഐ.പി.സിയുടെ നേതൃത്വത്തിൽ വരാൻ ഇത് സഹായിക്കും.

## ദുർവ്യാഖ്യാനങ്ങളുമായി കെ.എ.ഏബ്രഹാം മുന്നോട്ട്

ദൈവവചനമെന്ന പേരിൽ കെ.എ.ഏബ്രഹാം ശുദ്ധ വിവരക്കേട് വിളിച്ചു പറയുന്നതിനേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ വായിച്ച നിരവധി ആളുകൾ കെ.എ.ഏബ്രഹാം പ്രസംഗിച്ചിട്ടുള്ള വിഡ്ഢിത്തങ്ങളേക്കുറിച്ച് ഡിഫെൻഡർ ഓഫീസിൽ വിവരം തരുകയുണ്ടായി. കെ.എ.ഏബ്രഹാമിന്റെ പ്രസംഗ കാസറ്റുകൾ തെളിവായി അയച്ചു തരുകയും ചെയ്തു. ''അവിശ്വസനീയം'' എന്ന ഒറ്റ വാക്കിൽ പ്രതികരണം നടത്താൻ കഴിയുന്ന കാര്യങ്ങളാണ് അറിഞ്ഞത്. ഒരു മനുഷ്യന് ഇത്രയധികം വിവരക്കേട് പ്രസംഗിക്കാൻ കഴിയുമെന്ന് വിശ്വസിക്കാനാവുന്നില്ല. ഇന്ത്യയിലും ചില വിദേശ രാജ്യങ്ങളിലും ഇതൊക്കെ പ്രസംഗിച്ചിട്ടും ആരും എതിർത്ത് ഒരു വാക്കുപോലും പറഞ്ഞില്ല എന്നതും അവിശ്വസനീയം തന്നെ.

മൈക്കിലൂടെ അനൗൺസ്മെന്റ് ചെയ്യാനുള്ള അറിവുമാത്രം കൈമുതലായുണ്ടായിരുന്ന ഈ വിദ്വാൻ ദൈവവചനം പ്രസംഗിച്ചാണ് തിരക്കുള്ള പ്രസംഗകനായത് എന്നത്രേ ഏവരും കരുതുന്നത്. ഡിഫെൻഡറും ഇങ്ങനെയൊക്കെയാണ് കണക്കാക്കിയിരുന്നത്. അതുകൊണ്ടാണ് കെ.എ.ഏബ്രഹാമിനെതിരെ ഡിഫെൻഡർ എഴുതാതിരുന്നതും. പക്ഷേ ചവർ ചാനലിൽ കെ.എ.ഏബ്രഹാം നടത്തിയ ഏതാനും പ്രസംഗങ്ങൾ കേട്ടതോടെ ഡിഫെൻഡറിന് കാര്യം പിടികിട്ടി. ദൈവവചന വ്യാഖ്യാനത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും ഈ ചങ്ങാതിക്ക് അറിഞ്ഞുകൂടാ. ബൈബിളിൽ നിന്ന് ചില വാക്യങ്ങൾ വായിച്ചിട്ട് വായിൽ തോന്നിയത് പറയുകയാണ് ചെയ്യുന്നത്. ശാസ്ത്രം, ചരിത്രം തുടങ്ങിയതൊക്കെ പ്രസംഗത്തിൽ ഉണ്ടാകുമെങ്കിലും ഇവയൊക്കെ പമ്പര വിഡ്ഢിത്തങ്ങളാണ്. ഈ മനുഷ്യനെ ഇങ്ങനെ വിളയാടാൻ വിട്ടാൽ സാധുക്കളായ ദൈവമക്കൾ വഴിതെറ്റി സാത്താന്റെ പിടിയിൽ അകപ്പെടും. അതുകൊണ്ട് കെ.എ.ഏബ്രഹാമിനേക്കുറിച്ച് അല്പം വിശദമായി എഴുതാൻ ഡിഫെൻഡർ തീരുമാനിച്ചിരിക്കയാണ്.

ദി ഡിഫെൻഡർ
Vol. No.9 Issue No. 20 2006 October 16

# സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്യേണ്ടതാവശ്യം

അഴിമതി തടയുന്നതിന്റെ ഭാഗമായി സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നതായി മുഖ്യമന്ത്രി ശ്രീ വി.എസ്. അച്യുതാനന്ദൻ അറിയിക്കയുണ്ടായി. ഇത് അങ്ങേയറ്റം സ്വാഗതാർഹമായ ഒരു തീരുമാനമാണ്. സാമ്പത്തിക വെട്ടിപ്പ് നടത്തുന്നവർ അവിഹിത സ്വത്ത് മറച്ചു വെയ്ക്കാനും സർക്കാരിനെ കബളിപ്പിക്കാനും ഇന്ന് ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും വ്യാപകമായി ദുരുപയോഗം ചെയ്യുന്നുണ്ട്.

ചാരിറ്റബിൾ സൊസൈറ്റികളുടേയും ട്രസ്റ്റുകളുടേയും വരുമാനം, ചില നിബന്ധനകൾക്കു വിധേയമായി നികുതിവിമുക്തമാണ്. ഇത്തരം സംഘടനകൾക്ക് നൽകുന്ന സംഭാവനകളും നികുതിവിധേയമായ വരുമാനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. ഈ പഴുത് ഉപയോഗിച്ച് കള്ളപ്പണം ഒളിപ്പിക്കാനും ആദായ നികുതികൊടുക്കുന്നത് ഒഴിവാക്കാനും എളുപ്പമാണ്.

വിദേശപ്പണം ദുരുപയോഗം ചെയ്യാനും ഇത്തരം സംഘടനകൾ സഹായകമാകുന്നു. ധർമ്മസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനെന്ന വ്യാജേന കൊണ്ടുവരുന്ന പണം കള്ളക്കണക്കുണ്ടാക്കി തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. ഇതും തടയപ്പെടേണ്ടതാണ്.

സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്യും എന്ന് മുഖ്യമന്ത്രി പറയുന്നുണ്ടെങ്കിലും അതിന് പ്രായോഗികമായി ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. ഒന്നാമതായി കേരളത്തിൽ രണ്ടു തരം സൊസൈറ്റീസ് ആക്ട് നിലവിലുണ്ട്. 1955ൽ തിരുക്കൊച്ചി സർക്കാർ പാസ്സാക്കിയ സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് അന്നത്തെ തിരുക്കൊച്ചി സംസ്ഥാനത്ത് ഉൾപ്പെട്ടിരുന്ന പ്രദേശത്ത് ഇന്നും സൊസൈറ്റികൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. എന്നാൽ അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേശത്ത് 1860ലെ ഇന്ത്യൻ സൊസൈറ്റീസ് ആക്ടാണ് നിലനിൽക്കുന്നത്. കേരളത്തിൽ മുഴുവൻ പ്രാബല്യമുള്ള ഒരു സൊസൈറ്റീസ് ആക്ട് ഉണ്ടാക്കാനുള്ള സാദ്ധ്യത സംസ്ഥാന സർക്കാർ ആരായണം. അത് സാധിച്ചാലും കേരളത്തിനു പുറത്ത് ഇന്ത്യൻ സൊസൈറ്റീസ് ആക്ട് അനുസരിച്ച് സൊസൈറ്റി രജിസ്റ്റർ ചെയ്ത് കേരളത്തിൽ അഴിമതി നടത്താൻ കഴിയും.

ഇന്ത്യൻ ട്രസ്റ്റ് ആക്ട് ഭേദഗതി ചെയ്യാൻ സംസ്ഥാന സർക്കാരിന് കഴിയുമോ? കഴിഞ്ഞില്ലെങ്കിൽ ട്രസ്റ്റ് ആക്ട് ഉപയോഗിച്ച് കള്ളപ്പണം വെളുപ്പിക്കുന്നത് തടയാനാവില്ല. ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്ന് സർക്കാർ ഗൗരവത്തിൽ ചിന്തിക്കണം.

# സത്യം സത്യമായി

"അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ" എന്നു പറഞ്ഞതുപോലെ അഴിമതിയുടെ കറ പുരളാത്ത രാഷ്ട്രീയക്കാരോ രാഷ്ട്രീയ പാർട്ടികളോ ഇല്ലെന്നു പറയാം. ആന്റണി മന്ത്രിസഭയെ മറിച്ചിടാൻ ഇടതുപക്ഷം തരംതാണ രാഷ്ട്രീയം കളിച്ചു എന്ന വാർത്ത അവിശ്വസനീയമായി തോന്നുന്നു. സി.പി.എം. ഇങ്ങനെയൊക്കെ ചെയ്യുമെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. പക്ഷേ സാഹചര്യതെളിവുകൾ പരിഗണിക്കുമ്പോൾ ഇത് കെട്ടുകഥയായി തള്ളിക്കളയാനും പറ്റില്ല.

നാല്പത് എം.എൽ.എമാരുടെ ഫിക്സഡ് ഡിപ്പോസിറ്റിനേക്കുറിച്ച് അക്കാലത്ത് ശ്രീ വി.എസ്.അച്യുതാനന്ദൻ പലവട്ടം പറഞ്ഞിരുന്നു. അത് വെറും നേരമ്പോക്കാണെന്ന് അന്നും തോന്നിയിരുന്നില്ല. എങ്ങനെയെങ്കിലും 31 അംഗങ്ങളുടെ പിൻതുണയുമായി വന്നാൽ കാര്യം നടക്കും എന്ന് കരുണാകരനോടു പറയുകയാണ് പ്രതിപക്ഷ നേതാവ് ചെയ്തത്. പാർലമെന്റ് തെരഞ്ഞെടുപ്പു വരെ മുഖ്യമന്ത്രിയായി തുടരാനുള്ള പിൻതുണയായിരുന്നു വാഗ്ദാനം ചെയ്തിരുന്നത്. ഗൗരിയമ്മക്ക് ഉപമുഖ്യമന്ത്രിസ്ഥാനം വാഗ്ദാനം ചെയ്തിട്ടും കാര്യം നടന്നില്ല. എം.എൽ.എമാർക്ക് രണ്ടുകോടി രൂപ വാഗ്ദാനം ചെയ്തെന്നും കേൾക്കുന്നു. ഇതൊക്കെ ശരിയാണെങ്കിൽ രാഷ്ട്രീയ സദാചാരത്തേക്കുറിച്ച് പറയാൻ സി.പി.എമ്മിന് ഇനി അവകാശമില്ല.

ചിക്കുൻ ഗുനിയ എന്നത് ചിക്കൻ പരത്തുന്ന ഏതോ രോഗമാണെന്നും ചിക്കൻ കഴിക്കാതിരുന്നാൽ രോഗം വരുന്നത് തടയാൻ കഴിയുമെന്നും ധരിക്കുന്നവർ ഏറെയുണ്ട്. രോഗത്തിന്റെ പേരാണ് കുഴപ്പമുണ്ടാക്കിയത്. ചിക്കൻപോക്സും ചിക്കനുമായി ബന്ധമില്ലാത്തതുപോലെ ചിക്കുൻ ഗുനിയയ്ക്കും ചിക്കനുമായി ബന്ധമില്ല. ഈ പനിക്ക് ഏതെങ്കിലും ജീവിയുമായി ബന്ധമുണ്ടെങ്കിൽ അത് കൊതുകുകളുമായി മാത്രമാണ്. ജലദോഷം വന്ന് ആളുകൾ മരിക്കുമെങ്കിൽ മാത്രമേ ചിക്കുൻ ഗുനിയ വന്ന് ആളുകൾ മരിക്കൂ. പക്ഷേ ഇതൊന്നും അറിയാതെ ജനം പേടിച്ചോടുന്നു. പ്രതിപക്ഷം രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നു. ആരോഗ്യമന്ത്രിയെ കരിങ്കൊടി കാണിക്കുന്നു. സാക്ഷരകേരളം വിവരം കെട്ട കേരളം.

ഒരു ദിവസംകൊണ്ട് കേരളം ശുദ്ധീകരിച്ചുകളയാമെന്ന് സർക്കാർ തീരുമാനിച്ചത് അല്പം കടന്ന കൈയ്യായിപ്പോയി. ശുദ്ധീകരണയജ്ഞത്തിന് പിഞ്ചു കുട്ടികളെ വരെ ഉപയോഗിക്കാൻ തീരുമാനിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമായ പരിപാടിയായി എന്നും പറയേണ്ടിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി അപകടങ്ങളുണ്ടായി. ഒരു കുട്ടിക്ക് ജീവൻ തന്നെ നഷ്ടമായി.

മന്ത്രി വിവാദവും തന്ത്രി വിവാദവും അവസാനിക്കുന്ന മട്ടില്ല. രണ്ടും കാമിനിമൂലമുള്ള കലഹം തന്നെ. തന്ത്രിക്കെതിരെ ദൈവജ്ഞൻ ഗൂഢാലോചന നടത്തിയെന്ന് ഒരു കേസ്സ്. മന്ത്രിക്കെതിരെ മറ്റു ചിലർ ഗൂഢാലോചന നടത്തുമെന്ന് കുര്യാക്കോസ് ദൈവജ്ഞൻ ദീർഘദർശനം ചെയ്തിരുന്നു എന്ന് മന്ത്രിതന്നെ പറയുന്നു. ഒരു എത്തും പിടിയും കിട്ടാതെ ജനം വലയുന്നു. അതിനിടയിൽ ജയമാല മന്ത്രിക്കെതിരെ തമിഴ്നാട്ടിൽ കൊടുത്ത കേസ്സ് ചൂടുപിടിച്ചുവരുന്നു. ജോസഫിന്റെ നിരപരാധിത്വം തെളിയുമെന്നും മന്ത്രിയായി തിരിച്ചെത്തുമെന്നും ഒക്കെ കുര്യാക്കോസ് പാസ്റ്റർ പറയുന്നുണ്ടെങ്കിലും ഇന്നത്തെ സ്ഥിതി തുടർന്നാൽ ജോസഫിന്റെ കാര്യം കട്ടപ്പോഹ.

കരവിരുത് സ്ഥിരം കലാപരിപാടിയായി കൊണ്ടുനടക്കുന്ന ആളാണോ ജോസഫ്? ആണെന്ന് ഒരു പ്രസിദ്ധീകരണത്തിൽ കണ്ടു. ജയമാല ജോസഫിന്റെ നാലാമത്തെ ഇരയാണത്രേ. സംഗതി നേരാണെങ്കിൽ ജോസഫിനെ ഏതെങ്കിലും മനോരോഗ വിദഗ്ദ്ധനെ കാണിക്കയാണ് വേണ്ടത്.

സർക്കാർ ഉദ്യോഗസ്ഥരുടേയും പൊതുപ്രവർത്തകരുടേയും അവിഹിത സ്വത്തുക്കൾ കണ്ടുകെട്ടാൻ നിയമമുണ്ടാക്കും എന്ന് സർക്കാർ പറയുന്നു. അത് സംഭവിച്ചാൽ ആദ്യം കുഴയുന്നത് രാഷ്ട്രീയ നേതാക്കൻമാർ തന്നെ ആയിരിക്കും. നേരേചൊവ്വെ സമ്പാദ്യമുണ്ടാക്കാൻ ഒരു രാഷ്ട്രീയക്കാരനും കഴിയില്ല എന്ന് വിശേഷിച്ച് പറയേണ്ടതില്ല. അപ്പോൾ രാഷ്ട്രീയക്കാരുടെ സ്വത്ത് അവിഹിതമാകാതെ വഴിയില്ല. പക്ഷേ അത് കണ്ടെത്താനും കണ്ടുകെട്ടാനും ആർക്കാണ് ധൈര്യം വരുക?

നിയമം നടപ്പിലായാൽ ആർ.റ്റി.ഒ റോസമ്മയുടെ കാര്യം കഷ്ടത്തിലാകും. അടുത്ത കാലം വരെ ചെറ്റക്കുടിലിൽ കഴിഞ്ഞിരുന്ന റോസമ്മ എങ്ങനെ കോടീശ്വരിയായി? സഭയുടെ പണമാണെന്നു പറഞ്ഞാലും രക്ഷയില്ല. കാരണം സഭയുടെ അക്കൗണ്ടിൽ ഈ കണക്കൊന്നും ഇല്ലല്ലോ.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ചവർ ചാനൽ എങ്ങോട്ട്?

## ചവറിന്റെ വിശ്വാസത്യാഗം

സമുദായക്കാരെ പ്രീതിപ്പെടുത്താനായി ചവർ ചാനൽ പെന്തക്കോസ്ത് വിശ്വാസപ്രമാണം ത്യജിച്ച് ഏതു സമുദായക്കാരനും യോജിക്കാവുന്ന ഏതാനും വാചകങ്ങൾ മാത്രം വിശ്വാസപ്രമാണമായി സ്വീകരിച്ചിരിക്കുന്നു. താഴെ കാണുന്നതിൽ I.P.C.എന്നത് ഐ.പി.സിയുടേയും P.V.എന്നത് പവ്വർ വിഷന്റേയും വിശ്വാസപ്രമാണമാണ്.

**1. The Holy Bible:**
I.P.C.: This church accepts the sacred words of the 66 Books of the Bible as the inspired, revelation of God, as the sheet anchor of Faith and Eternal Hope, and as the basic creed of the church and the only standard of life for the believer.
P.V.: The Bible is whole and the only inspired scriptures.

**2. God:**
I.P.C.: That the Eternal, True and Holy Trinity is one God existing in three personalities-Father, Son and Holy Spirit.
P.V.: The Holy Trinity of God, as revealed in the Bible and confirmed at Nicene Council

**3. Man:**
I.P.C.: That the creation of man was in the likeness of God, that he had a great fall when he transgressed God's commandment and that only Christ the Son of God can restore the Fallen Man to his Pristine glory.
P.V.: ???

**4. Repentance:**
I.P.C.: That the fallen man should approach God with true repentance for sins and faith in the atoning death of Jesus Christ.
P.V.: ???

**5. Justification:**
I.P.C.: That the man is justified by faith and that guilt is pardoned by the Blood of Christ.
P.V.: Jesus Christ is the Unique Savior of the world

**6. Regeneration:**
I.P.C.: That the man is born of God through the Holy Spirit and the Word of God.
P.V.: ???

**7. Water Baptism:**
I.P.C.: In order to become one in Christ a believer should be baptized in the name of the Father, Son and Holy Spirit by immersion in water and thus become part-takers of the burial and resurrection of Christ.
P.V.: ???

**8. Separation:**
I.P.C.: That a believer should be separated from sin, sinners, false doctrines and all kinds of worship contrary to the Bible.
P.V.: ???

**9. Lord's Supper:**
I.P.C.: That the Lord's Supper is to be celebrated regularly till He comes, to commemorate the death of Christ.
P.V.: ???

**10. Baptism in the Holy Spirit:**
I.P.C.: That the believer should be filled with the Holy Spirit: That the initial sign of speaking in tongues follows the Baptism of the Holy Spirit and that this speaking in tongues though the same in essence is different in its use and operation from that of the gift of tongues
P.V.: ???

**11. Divine Healing:**
I.P.C.: Since temporal healing is included in the Sacrifice on the cross by Christ for atonement of sins, a believer should take it as a right and privilege to get bodily healing by prayer and faith.
P.V.: ???

**12. Sancitification:**
I.P.C.: That the believer is sanctified by the Blood of Jesus, by the Word of God and by the Holy Spirit.
P.V.: ???

**13. The Church:**
I.P.C.: That the church is the congregation of believers; its faith and experience should confirm to and stand steadfast in the teaching of the apostles in the New Testament.
P.V.: ???

**14. The Ministry:**
I.P.C.: That the ministers of the church such as apostles, Prophets, Pastors, Teachers, Evangelists and Deacons, must be those who are called by the Holy Spirit, bestowed with gifts according to their different calling.
P.V.: The Holy Spirit unifies and empowers the church to exercise gifts and produce fruit, in worshipping God and serving the poor and needy

**15. Ordination:**
I.P.C.: For those who are specially set apart for ministry of the church, ordination should be by the laying on of hands as in the New Testament.
P.V.: ???

**16. Evangelization:**
I.P.C.: Evangelization is the supreme duty and privilege of the church.
P.V.: The great commission of Jesus Christ to world evangelism and church planting

**17.Second Coming of Christ:**
I.P.C.: Jesus is coming soon in the air and that the Bride will be caught up when Jesus comes.
P.V.: The Second Coming of Jesus Christ, the rapture of the church, rewarding of the saints and the millennial reign of the Lord

**18. Great Tribulation:**
I.P.C.: That there is to be a great tribulation on the earth when Anti-Christ will be in his power soon after the coming of Christ in the air, and the Rapture of the Bride.
P.V.: ???

**19. The millennium:**
I.P.C.: That at the end of the tribulation Jesus will come to the earth in all His glory with His saints and establish His own kingdom of Righteousness for a thousand years.
P.V.: ???

**20. The Great Judgment:**
I.P.C.: That after the Millennium satan and his hosts will be cast for ever into the lake of fire and there will be judgment before the Great White Throne for all the wicked who also will meet the same punishment.
P.V.: The saints will be with Christ in eternity while the ungodly will be punished eternally

**21. New Heaven and New Earth:**
I.P.C.: That at the time of the great judgment this present earth and heaven shall be burned up with fire and a New Heaven and a New Earth shall appear.
P.V.: ???

**22.** I.P.C.: **Feet- washing and dedication of children are acceptable.**
P.V.: ???

വീണ്ടുംജനനം, മാനസാന്തരം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, തിരുവത്താഴം, വേർപാട് തുടങ്ങി പെന്തക്കോസ്തർ ഏറെ പ്രാധാന്യത്തോടെ പ്രസംഗിക്കുന്ന ഒരു വിശ്വാസപ്രമാണവും ചവർ ചാനൽ സ്വീകരിക്കുന്നില്ല. (ചവറിന്റെ വിശ്വാസപ്രമാണം മതിയെങ്കിൽ ഐ.പി.സി ജനവഞ്ചന നടത്തുകയാണ്).ഐ.പി.സിയുടെ പ്രസിഡന്റ് എന്ന നിലയിൽ ഐ.പി.സിയുടെ വിശ്വാസ പ്രമാണവും പവ്വർവിഷന്റെ ചെയർമാൻ എന്ന നിലയിൽ മറ്റൊരു വിശ്വാസപ്രമാണവും സ്വീകരിക്കുന്ന കെ.സി. ജോണിന്റെ പിതൃത്വം ഡി.എൻ.എ ടെസ്റ്റ് നടത്തി എത്രയും വേഗം നിർണ്ണയിക്കേണ്ടതാണ്.

## ചവറിൽ കണ്ടത്

### സുരേഷിന്റെ മായാജാലം

ഭാവി കാണാൻ സുരേഷിനുള്ള കഴിവ് അപാരം തന്നെ. നാലോ അഞ്ചോമാസം കഴിഞ്ഞ് ഒരു ശനിയാഴ്ച രാത്രി പത്തു മണിക്ക് ആരൊക്കെ ടി.വിയുടെ മുൻപിൽ ഇരിക്കുമെന്നും അവർക്ക് എന്തൊക്കെ രോഗമുണ്ടായിരിക്കുമെന്നും ഒക്കെ സുരേഷിന് നല്ല നിശ്ചയമാണ്. ഒക്ടോബർ 7ന് രാത്രി പത്തു മണിക്ക് ചവറിൽ സുരേഷിന്റെ പ്രസംഗമുണ്ടായിരുന്നു. ഈ പ്രസംഗം ജൂണിൽ റിക്കാഡ് ചെയ്തതാണെന്ന് ആ പ്രസംഗത്തിൽത്തന്നെ പറയുന്നുമുണ്ട്. പ്രസംഗത്തിനിടയിൽ സുരേഷ് പറയുന്നു: "ഈ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന ദിനേശാ, ദൈവം നിന്നെ സൗഖ്യമാക്കുന്നു. ടി.വിയുടെ മുൻപിലിരിക്കുന്ന അശോകനെ ഇതാ ദൈവം വിടുവിക്കുന്നു. സതി എന്ന സഹോദരീയെ ഇതാ ദൈവം സൗഖ്യമാക്കുന്നു ....". ഒക്ടോബർ 7ന് രാത്രി 10 മണിക്ക് ചവർ ചാനൽ കാണാൻ ആരൊക്കെ ടി.വിയുടെ മുൻപിൽ ഇരിക്കുമെന്നും അവരിൽ ആരെയൊക്കെ ദൈവം വിടുവിക്കുമെന്നും ജൂണിൽ തന്നെ കാണാൻ സുരേഷിനല്ലാതെ ആർക്കാണ് കഴിയുക.

### ചവറിൽ അച്ചൻമാരും

അച്ചൻമാർക്കെന്താ ചവറിൽ കാര്യം എന്ന് ചോദിക്കരുത്. കാരണം, അവർക്കും ചവറിൽ കാര്യമുണ്ട്. ഏതച്ചനും അംഗീകരിക്കാൻ കഴിയുന്ന വിശ്വാസപ്രമാണങ്ങൾ മാത്രമേ ചവറിനുള്ളൂ. അതുകൊണ്ട് ചവറിൽ അച്ചൻമാർ പ്രസംഗം പൊടിപൊടിക്കുന്നു. വെറും അച്ചൻമാർ മാത്രമല്ല ബിഷപ്പുമാരും പ്രസംഗിക്കുന്നുണ്ട്. പെന്തക്കോസ്തിന്റെ പ്രഖ്യാപിത ശത്രുവായ എം.വൈ.യോഹന്നാനും ചവറിൽ പ്രസംഗിക്കാം. അങ്ങനെ ചവറിന്റെ ലക്ഷ്യം നിറവേറട്ടെ. ദൈവജനം ദുരുപദേശം പഠിക്കട്ടെ. എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഒന്നായി ചേരട്ടെ. അതാണല്ലോ സാത്താനും അവന്റെ ദാസനായ കെ.സി.ജോണിനും വേണ്ടത്.

### പെരുത്ത സന്തോഷം

സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യാത്ത ഒരു പെങ്കൊച്ച് ഈയിടെ ചവറിൽ ഒരു പ്രോഗ്രാം അവതരിപ്പിക്കുന്നുണ്ട്. പ്രോഗ്രാമിന്റെ പേര് ഹാപ്പി മോമെന്റ്സ്. മുഖത്ത് സ്ഥിരമായുള്ള ചിരിയുമായി ഈ കൊച്ച് മംഗ്ലീഷിൽ ക്വിസ് പ്രോഗ്രാം നടത്തുന്നു. ഫോണിലൂടെ വിളിക്കുന്നവരോടാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. മറ്റു പ്രോഗ്രാമുകളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ പരിപാടി ഭേദമാണെന്നു പറയാതെവയ്യ. പക്ഷേ ഒരപേക്ഷയുണ്ട്. പ്രോഗ്രാം തുടങ്ങുന്നതിനു മുൻപായി ആ പെങ്കൊച്ചിന് എന്തെങ്കിലും തിന്നാൻ കൊടുക്കണം. ഇപ്പം ചാകും എന്ന മട്ടിലുള്ള ആ നിൽപ്പു കണ്ടിട്ട് സഹിക്കുന്നില്ല.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ് ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# രാഷ്ട്രീയക്കാർക്ക് ഇവിടെ എന്തുകാര്യം?

പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തുകാര്യം എന്നു ചോദിച്ചതുപോലെ ആത്മീയ സംഗമങ്ങളിൽ രാഷ്ട്രീയക്കാർക്കെന്തുകാര്യം? ഒരു കാര്യവുമില്ല എന്നതാണ് വസ്തുത. പക്ഷേ അത് പെന്തക്കോസ്ത് നേതാക്കൻമാർക്ക് മനസ്സിലായിട്ടില്ല. ഒരു കൺവെൻഷൻ വെയ്ക്കാൻ ആലോചിക്കുമ്പോൾത്തന്നെ ആ യോഗത്തിലേക്ക് ക്ഷണിക്കേണ്ട രാഷ്ട്രീയ നേതാക്കൻമാരുടെ ലിസ്റ്റും തയ്യാറാക്കും.

ഇന്ത്യൻ പ്രസിഡന്റ് സാധാരണ പരിപാടികൾക്കൊന്നും പോകാറില്ല. അതുകൊണ്ട് കുറഞ്ഞപക്ഷം പ്രധാനമന്ത്രിയെ എങ്കിലും കൊണ്ടുവരാനാണ് ആദ്യം ശ്രമിക്കുക. അത് നടന്നില്ലെങ്കിൽ ഏതെങ്കിലും ഗവർണ്ണറേയോ മുഖ്യമന്ത്രിയേയോ കിട്ടാൻ ശ്രമിക്കും. ഇതൊന്നും നടന്നില്ലെങ്കിൽ വെറും മന്ത്രിയെ എങ്ങനെയെങ്കിലും കൊണ്ടുവരും. കുറഞ്ഞപക്ഷം ഒരു എം.പിയോ എം.എൽ.എയോ എങ്കിലും ഇല്ലെങ്കിൽ കൺവെൻഷനേയില്ല.

ഇന്ത്യയിലെ പെന്തക്കോസ്തിന് നൂറു വയസ്സായെന്നും മറ്റും പറഞ്ഞ് കഴിഞ്ഞകൊല്ലം തിരുവല്ലയിൽ നടത്തിയ സമ്മേളനത്തിൽ പ്രധാനമന്ത്രി എത്തുമെന്നായിരുന്നു പ്രചരണം. പക്ഷേ പ്രധാനമന്ത്രി വന്നില്ല. കുറെ മന്ത്രിമാർ വന്ന് അനുഗ്രഹം ചൊരിഞ്ഞു. മന്ത്രിമാരുടെ പ്രസംഗം കേട്ട് പെന്തക്കോസ്തുകാർ ആത്മാവിൽ നിറഞ്ഞു.

കൊമ്പൻ പോയ വഴിയേ മോഴയും എന്നു പറഞ്ഞതുപോലെ ശതാബ്ദിക്കാരുടെ വഴി മറ്റ് കൺവെൻഷൻകാരും പിൻതുടരുന്നു. ഈയിടെ സാമച്ചൻ നടത്തിയ മാമാങ്കത്തിൽ രാഷ്ട്രീയക്കാർ അരങ്ങു തകർത്തു. സാമച്ചൻ രാഷ്ട്രീയക്കാരുടെ സ്ഥിരം പ്രവാചകനായതുകൊണ്ട് രാഷ്ട്രീയക്കാരെ വിളിക്കാതെ പറ്റില്ലല്ലോ.

എന്തിനും ഏതിനും രാഷ്ട്രീയക്കാരെ വിളിക്കുന്നത് പതിവാക്കിയ ഒരു മഹാനാണ് മോഷണായി. ഈ ചങ്ങാതിക്ക് മാസത്തിൽ ഒരു മീറ്റിംഗ് എങ്കിലും നടത്തിയില്ലെങ്കിൽ ഉറക്കം വരില്ല. ആണ്ടിൽ നാലഞ്ചുവട്ടം അവാർഡ് ദാനം നടത്തും. രണ്ടോ മൂന്നോ വട്ടം പുസ്തകമേള നടത്തും. പിന്നെ ചില സ്വീകരണങ്ങൾ, അനുമോദനങ്ങൾ തുടങ്ങിയവയും ഉണ്ടാകും. പരിപാടി എന്തുതന്നെ ആയാലും മിനിമം ഒരു മന്ത്രി ഹാജരുണ്ടാകും. സംഭവത്തേക്കുറിച്ച് എല്ലാ പത്രങ്ങളിലും ഫോട്ടോ സഹിതം വാർത്തയും കൊടുക്കും.

മറ്റ് എന്തൊക്കെ കുറ്റം പറഞ്ഞാലും റ്റി.പി.എംകാരെ സമ്മതിക്കണം. അവരുടെ ഒരു പരിപാടിക്കും രാഷ്ട്രീയക്കാരേയോ അവരുടെ സഭാംഗങ്ങളല്ലാത്തവരേയോ പ്രസംഗകരമായി വിളിക്കുകയില്ല. പ്രസംഗിക്കുന്ന വ്യക്തികളുടെ പേരുപോലും മുൻകൂട്ടി പരസ്യപ്പെടുത്താറില്ല.

രക്ഷിക്കപ്പെട്ടവരെന്നും രക്ഷിക്കപ്പെടാത്തവരെന്നും ഉള്ള വ്യത്യാസം പെന്തക്കോസ്തരുടെ ഇടയിൽ കുറഞ്ഞു വരുകയാണ്. വീണ്ടുംജനനം പ്രാപിച്ചവരുടെ എണ്ണം പെന്തക്കോസ്തിൽ കുറയുന്നതുതന്നെ കാരണം. വീണ്ടും ജനനം പ്രാപിച്ചവർക്കു മാത്രമേ അതിന്റെ വിലയറിയൂ.

സാമച്ചൻ എന്തുകൊണ്ട് രാഷ്ട്രീയക്കാരുമായി ഇണയില്ലാപ്പിണ കൂടുന്നു? സാമച്ചൻ രക്ഷിക്കപ്പെട്ടവനല്ല എന്നതുതന്നെ കാരണം. അതുകൊണ്ടാണ് വ്യഭിചാരം, കള്ളപ്രവചനം, വ്യാജരോഗശാന്തി തുടങ്ങിയതൊന്നും സാമച്ചന് പാപമായി തോന്നാത്തത്. മോനായിയുടെ കാര്യവും ഇതുതന്നെ. ജീവിക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയ്ക്ക് മോനായി പെന്തക്കോസ്തിനെ തിരഞ്ഞെടുത്തു എന്നല്ലാതെ വീണ്ടും ജനനത്തേപ്പറ്റി മോനായി ഒന്നും അറിഞ്ഞിട്ടില്ല.

നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്നാണല്ലോ ചൊല്ല്. ഇത് ആത്മീയലോകത്തും ശരിയാണ്. രക്ഷിക്കപ്പെടാത്തവരുമായി ഇണയില്ലാപ്പിണ കൂടുന്നവൻ രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ടവന് രക്ഷയുടെ വിലയറിയാം. രക്ഷിക്കപ്പെടാത്തവന് ദൈവവുമായി ബന്ധമില്ലെന്നും അറിയാം. ഇതൊക്കെ അറിഞ്ഞിരുന്നുകൊണ്ട് ഇണയില്ലാപ്പിണ കൂടുവാൻ അവന് കഴിയുകയില്ല. അതുകൊണ്ട് കൺവെൻഷന് രാഷ്ട്രീയക്കാരെ വിളിക്കുന്നവർ രക്ഷിക്കപ്പെട്ടവരല്ല എന്ന് തീർച്ച.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഇക്കാലത്ത് നടക്കുന്ന മിക്ക സുവിശേഷ യോഗങ്ങൾക്കും മിറക്കിൾ എന്ന വാക്ക് ഉപയോഗിച്ചുള്ള പേരുകളാണ് കൊടുത്തു കാണുന്നത്. ഇതേപ്പറ്റി ഡിഫെൻഡർ എന്തു പറയുന്നു?

■ സുവിശേഷകർക്ക് വഴി തെറ്റിയതിന്റെ പ്രത്യക്ഷ ലക്ഷണമാണിത്. ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു എന്ന് കർത്താവ് പറഞ്ഞത് ഇവിടെ ശരിയാകുന്നു. ദൈവത്തിൽ വിശ്വാസമില്ലാത്തവരാണ് അടയാളങ്ങൾ തിരയുന്നത്.

തങ്കു റാന്നിയിൽ നടത്തിയ യോഗത്തിൽ ഒട്ടേറെ അത്ഭുതങ്ങൾ നടന്നു എന്ന് ഒരു പത്രത്തിൽ വായിച്ചു. അത്ഭുതരോഗശാന്തി പ്രാപിച്ചവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും കൂടി പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ സംഭവം ശരിയാണോ എന്ന് അന്വേഷിച്ച് ഉറപ്പു വരുത്താമായിരുന്നു.

എന്തുകൊണ്ടാണ് പ്രസംഗകർ സുവിശേഷത്തേക്കാൾ അധികം പ്രാധാന്യം അത്ഭുതങ്ങൾക്ക് കൊടുക്കുന്നത്? സുവിശേഷത്തിന്റെ ശക്തിയിൽ പ്രസംഗകർക്ക് വിശ്വാസമില്ല എന്നതുതന്നെ. സുവിശേഷം പഴഞ്ചരക്കാണെന്നും വെറുതെ സുവിശേഷം പറഞ്ഞതുകൊണ്ട് ആരും വിശ്വസിക്കയില്ല എന്നും ഈ പ്രസംഗകർ കരുതുന്നു. കുറെ അത്ഭുതങ്ങൾ കാണിച്ചാൽ ജനം വിശ്വസിക്കുമെന്നാണ് ഇവരുടെ ധാരണ. അതുകൊണ്ടാണ് ഇവർ അത്ഭുതങ്ങൾക്ക് അമിതമായ പ്രാധാന്യം കൊടുക്കുന്നത്.

തങ്കു റാന്നിയിൽ നടത്തിയ മീറ്റിംഗിന്റെ ഫലമായി 200ൽ അധികം ആളുകൾ സ്നാനപ്പെട്ടു എന്ന് അറിയാൻ കഴിഞ്ഞു. ഒറ്റ നോട്ടത്തിൽ നല്ലത് എന്ന് തോന്നുന്ന സംഭവമാണിത്. പക്ഷേ സത്യം അതല്ല. ഇവർ സ്നാനപ്പെട്ടത് എന്തു കാരണത്താലാണ്? അത്ഭുതം കണ്ട് അന്ധാളിച്ച് ഉണ്ടായ ഒരു താത്ക്കാലിക വിഭ്രമത്തിന്റെ ഫലമായാണ് ഇവർ സ്നാനമേറ്റത്. പാറപ്പുറത്തു വീണ വിത്തുപോലെ ഇവർ പെട്ടെന്ന് കിളിർത്തു എന്നുമാത്രം. ഇവർക്ക് വേരില്ല. ചൂട് തട്ടുമ്പോൾ ഇവർ വാടിക്കരിഞ്ഞു പോകും.

ഇവർ തങ്കുവിനേയും തോമസ്കുട്ടിയേയും കണ്ടു. അവർ അത്ഭുതം നടത്തിയെന്നും ധരിച്ചു. ആകെ ഒരു എളക്കപ്പെരുപ്പം. പക്ഷേ ഇവർ കർത്താവിനെ കണ്ടില്ല. സത്യ സുവിശേഷം ഗ്രഹിച്ചില്ല. വീണ്ടും ജനനം പ്രാപിച്ചില്ല. തങ്കുവിന്റെകൂടെ ചേർന്നാൽ എന്തൊക്കെയോ നേട്ടങ്ങൾ ഉണ്ടാകുമെന്ന് തോന്നി. അങ്ങനെ ഇറങ്ങിത്തിരിച്ചു. കുറച്ചു കാലം ഇവർ ഇങ്ങനെ നിൽക്കും. അതുകഴിഞ്ഞ് പഴയ സമുദായത്തിലേക്ക് മടങ്ങും.

അത്ഭുതം കാണാനായി കർത്താവിന്റെ പിന്നാലെ ആയിരങ്ങൾ സഞ്ചരിച്ചിരുന്നു. അവർ ഒട്ടേറെ അത്ഭുതങ്ങൾ കണ്ടു. ഭക്ഷണം കഴിച്ചു. ഏറെ സന്തോഷിച്ചു. പക്ഷേ ഇവരിൽ എത്രപേർ ദൈവസഭയിൽ എത്തി? ഫിലിപ്പോസ് ചെയ്ത അത്ഭുതങ്ങൾ കണ്ട് ശീമോൻ ഭ്രമിച്ച് സ്നാനമേറ്റു. പക്ഷേ അവർ വീണ്ടും ജനനം പ്രാപിച്ചവനായിരുന്നില്ല. അതുകൊണ്ട് അവന് പരിശുദ്ധാത്മാവിനെ പ്രാപിക്കാനായില്ല.

വിശ്വസിക്കുന്നവരെ അടയാളങ്ങൾ പിൻതുടരുമെന്നല്ലാതെ വിശ്വസിക്കുന്നവർ അടയാളങ്ങളെ പിൻതുടരുമെന്നോ അടയാളങ്ങലെ പിൻതുടർന്ന് വിശ്വസിക്കാമെന്നോ ദൈവവചനം പറയുന്നില്ല. വിശ്വാസമാണ് ആദ്യം വരേണ്ടത്. അടയാളവും അത്ഭുതവും മറ്റും പിന്നാലെ വന്നുകൊള്ളും.

കർത്താവ് അത്ഭുതം പ്രവർത്തിക്കാൻ കഴിവുള്ളവനാണ്. ഇന്നും അത്ഭുതം പ്രവർത്തിക്കയും ചെയ്യുന്നുണ്ട്. പക്ഷേ അത്ഭുതമെന്ന പേരിൽ ഇന്ന് നടക്കുന്നത് യഥാർത്ഥ അത്ഭുതമാണോ എന്ന് സംശയമുണ്ട്. ശതാബ്ദി സമ്മേളനത്തിൽ വെച്ച് കോതമംഗലം സ്വദേശിയായ വർഗീസിന് അത്ഭുത സൗഖ്യം ലഭിച്ചു എന്ന് പ്രചരണമുണ്ടായിരുന്നു. പക്ഷേ അത് ശുദ്ധ പൊളിയായിരുന്നു എന്ന് പിന്നീട് തെളിഞ്ഞു. അത്ഭുതമെന്ന് തീർത്തു പറയാവുന്ന ഒരു സംഭവവും ശതാബ്ദി സമ്മേളനത്തിൽ നടന്നില്ല എന്ന് തീർത്തു പറയാം.

തങ്കുവിന്റെ മീറ്റിംഗിൽ നടക്കുന്നതായി പറയുന്ന അത്ഭുതങ്ങളുടെ കഥയും ഇതുതന്നെ. രോഗശാന്തി പ്രാപിച്ചു എന്ന് പലരും സ്റ്റേജിലെത്തി സാക്ഷ്യം പറയും എന്നത് ശരിതന്നെ. പക്ഷേ ഇവരുടെ പേരും വിലാസവും ശേഖരിക്കാനോ യഥാർത്ഥത്തിൽ അത്ഭുതം നടന്നോ എന്ന് പരിശോധിക്കാനോ ആരും മിനക്കെടുന്നില്ല. അത്ഭുതം നടന്നു എന്നു കേൾക്കുമ്പോൾ ഏവരും അന്ധാളിച്ചു പോകുന്നു. യഥാർത്ഥത്തിൽ അത്ഭുതം നടന്നോ എന്ന് പരിശോധിച്ചാൽ ദൈവം കോപിക്കും എന്നാണ് ഇവരുടെ ധാരണ. അതുകൊണ്ട് അത്ഭുതം എന്ന പേരിൽ നടക്കുന്ന എന്തു തട്ടിപ്പും അംഗീകരിക്കപ്പെടുന്നു.

തങ്കുവിന്റെ സഭയിൽ നടക്കുന്ന ചില അത്ഭുതങ്ങൾ ചിലപ്പോൾ ചവറിൽ കാണിക്കാറുണ്ട്. അത്ഭുതങ്ങളുടെ അർത്ഥശൂന്യത ഗ്രഹിക്കുവാൻ ഈ ദൃശ്യങ്ങൾ കണ്ടാൽ മതിയാകും. ഒരു ഉദാഹരണം: ആന്ധ്രാ സ്വദേശിയെന്ന് അവകാശപ്പെടുന്ന ഒരാൾ തനിക്ക് അത്ഭുത രോഗസൗഖ്യം ഉണ്ടായി എന്നു പറയുന്നു. ഇയാളുടെ രണ്ടു കിഡ്നിയും പ്രവർത്തന രഹിതമായിരുന്നു എന്നും തങ്കുവിന്റെ യോഗത്തിൽ സംബന്ധിച്ചതോടെ രോഗം ഭേദമായി എന്നുമാണ് പറയുന്നത്. ആന്ധ്രാക്കാരനെന്നു പറയുന്ന ഈ വ്യക്തി കോട്ടയത്ത് എത്താൻ ഇടയായ സാഹചര്യമെന്ത്? ഇയാൾ കോട്ടയത്ത് എന്തു ചെയ്യുകയാണ്? ഇയാളുടെ രണ്ടു കിഡ്നിയും പ്രവർത്തന രഹിതമാണ് എന്നു പറയുന്നത് എത്രത്തോളം ശരിയാണ്? ഇയാൾക്ക് സൗഖ്യം കിട്ടി എന്നു പറയുന്നത് ശരിയാണോ? ഇപ്പോൾ ഈ മനുഷ്യൻ എവിടെ? ഇങ്ങനെ ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ നിരവധിയുണ്ട്. പക്ഷേ അത്ഭുതപ്രവർത്തകർക്ക് ഇതൊന്നും അന്വേഷിക്കാൻ നേരമില്ല. അത്ഭുതം നടന്നു എന്ന് രോഗികൾ സ്റ്റേജി ലെത്തി പറയുന്നത് കേട്ട് സായൂജ്യം അടയുന്നതിൽ അധികമൊന്നും ഇവർക്കു വേണ്ട.

# അത്ഭുതം – അത്ഭുതം

ഇത് അത്ഭുതങ്ങളുടെ സീസണാണെന്ന് തോന്നുന്നു. പുനലൂരിൽ അത്ഭുതം, റാന്നിയിൽ അത്ഭുതം, കോട്ടയത്ത് സ്ഥിരം അത്ഭുതം, അങ്ങനെ അത്ഭുതങ്ങൾ തികച്ചും അത്ഭുതകരമായി വർദ്ധിച്ചുവരുന്നു.

പുനലൂരിലെ അത്ഭുതത്തിന്റെ സൂത്രധാരൻ സാമച്ചനായിരുന്നു. ഈ ചങ്ങാതി അത്ഭുതം നടത്തുന്ന കാര്യത്തിൽ അതിസമർത്ഥനാണ്. പണ്ട് കുവൈറ്റിൽ ചെയ്ത അത്ഭുതങ്ങൾ മറക്കാറായിട്ടില്ല. തിരുവല്ല ഉൾപ്പെടെ സഭാശുശ്രൂഷ നടത്തിയിട്ടുള്ള എല്ലാ സ്ഥലങ്ങളിലും അത്ഭുതം പ്രവർത്തിച്ചിട്ടുള്ള ആളാണ് സാമച്ചൻ. ഇപ്പോൾ ലോകം മുഴുവൻ സഞ്ചരിച്ച് അത്ഭുതം നടത്തുകയും ചെയ്യുന്നു.

റാം ബാബു എന്നൊരു റവറണ്ടിന്റെ സഹായത്തോടെയായിരുന്നു സാമച്ചൻ ഇത്തവണ പുനലൂരിൽ അത്ഭുതം നടത്തിയത്. എന്തൊക്കെ അത്ഭുതമാണ് നടന്നത്? അത് വിശേഷിച്ച് പറയേണ്ടതില്ല. മുടന്തർ സംസാരിച്ചു. ചെകിടർ കണ്ടു, ഊമർ കേട്ടു തുടങ്ങിയ സ്ഥിരം നമ്പരുകൾ തന്നെ. അത്ഭുതം കണ്ട് ജനം അന്തംവിട്ടു. അവർ സാമച്ചന്റെ മഹത്വം വാഴ്ത്തിപ്പാടി.

തങ്കുവും തോമസ്കുട്ടിയും ചേർന്ന് റാന്നിയിൽ നടത്തിയ അത്ഭുതവും ഏറെ വാർത്താപ്രാധാന്യം നേടി. ''വൈദ്യശാസ്ത്രം അത്ഭുതപ്പെടുന്ന നിലയിൽ അനേകർ യേശുക്രിസ്തുവിനാൽ രോഗസൗഖ്യവും വിടുതലും പ്രാപിച്ചു'' എന്നാണ് ഹാലേലൂയ്യായിൽ കണ്ടത്.

വൈദ്യശാസ്ത്രം അന്ധാളിച്ച് വാപൊളിച്ചുപോകുന്ന എന്ത് അത്ഭുതമാണ് അവിടെ നടന്നതെന്ന് ഒരു പത്രത്തിലും കണ്ടില്ല. അത്തരത്തിലുള്ള എന്തെങ്കിലും അത്ഭുതം നടന്നെങ്കിൽ രോഗസൗഖ്യം പാപിച്ചവരുടെ പേരും വിലാസവും ഫോൺ നമ്പരും പരസ്യപ്പെടുത്തണം. വൈദ്യശാസ്ത്രത്തെ മാത്രമല്ല നിരീശ്വര വാദികളേയും നമുക്ക് അത്ഭുതപ്പെടുത്തണമല്ലോ.

അത്ഭുതം നടക്കുന്നത് എവിടെയായാലും അത്ഭുതങ്ങൾക്കെല്ലാം പൊതുവായ ചില ലക്ഷണങ്ങളുണ്ട്:

1. പുറമെ കാണാവുന്ന അത്ഭുതം നടക്കുകയില്ല. ഉദാഹരണമായി,. ശോഷിച്ചിരിക്കുന്ന ഏതെങ്കിലും അവയവം സാധാരണ സ്ഥിതിയിലാകുക, മുറിഞ്ഞുപോയ വിരലോ മറ്റോ കിളിർത്തു വരിക, പല്ലു കൊഴിഞ്ഞുപോയവർപ്പ് പെട്ടെന്ന് പല്ല് കിളിർക്കുക തുടങ്ങി നേരിട്ട് കണ്ട് ബോദ്ധ്യമാക്കാൻ കഴിയുന്ന ഒരു അത്ഭുതവും നടക്കുന്നില്ല.
2. നൂറു കണക്കിന് രോഗസൗഖ്യം ഉണ്ടാകുമെങ്കിലും ഒരാളുടെ പേരും വിലാസവും പറയാൻ ഉണ്ടാകില്ല. സൗഖ്യമായി എന്നു പറയുന്നവർക്ക് യഥാർത്ഥത്തിൽ രോഗം ഉണ്ടായിരുന്നോ എന്നും രോഗശാന്തി ശുശ്രൂഷ കഴിഞ്ഞ് രോഗത്തിന്റെ സ്ഥിതി എന്തെന്നും നേരിട്ട് അന്വേഷിക്കാൻ ആവശ്യമായ ഒരു വിവരവും രോഗശാന്തിക്കാർ തരില്ല.

ദൈവമക്കൾ സൂക്ഷിക്കുക: ഇത് തട്ടിപ്പാണ്. യേശുക്രിസ്തുവിന് അത്ഭുതം പ്രവർത്തിക്കാനുള്ള കഴിവുണ്ട് എന്നത് ശരിതന്നെ. പക്ഷേ അത്ഭുത രോഗശാന്തി എന്ന പേരിൽ സാമച്ചനും സുരേഷ് ബാബുവും തങ്കുവും തോമസ്കുട്ടിയും ഒക്കെ ജനവഞ്ചന നടത്തുകയാണ്. തികച്ചും മാനസികമായ കാരണങ്ങളാൽ ഉണ്ടാകുന്ന രോഗശാന്തികൾ ഒഴികെ അത്ഭുത രോഗശാന്തി എന്നു വിളിക്കാവുന്ന ഒന്നും ഇത്തരം യോഗങ്ങളിൽ നടക്കുന്നില്ല. ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണ്.

## രുദ്രാക്ഷാനന്ദൻ ദുബായിൽ



ദുബായിലുള്ള ദൈവമക്കൾ സൂക്ഷിക്കുക, രുദ്രാക്ഷാനന്ദൻ നിങ്ങളുടെ നാട്ടിലെത്തിയിരിക്കുന്നു. ഖത്തർ പര്യടനം വിജയകരമായി പൂർത്തിയാക്കിയാണ് സ്വാമിജി ദുബായിൽ ലാന്റ് ചെയ്തിരിക്കുന്നത്.

ഡിഫെൻഡറിലൂടെ ഖത്തറിലുള്ള ദൈവമക്കൾ സത്യം ഗ്രഹിച്ചിരുന്നതുകൊണ്ട് ശ്രീമാൻ ആനന്ദന് ഖത്തറിൽ നിന്ന് കാര്യമായ വരുമാനമൊന്നും ലഭിച്ചില്ല. ആ കുറവ് ദുബായിലും ചുറ്റുമുള്ള നഗരങ്ങളിലും സഞ്ചരിച്ച് പരിഹരിക്കാനാണ് പദ്ധതി. ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തി വിഡ്ഢികളാകാൻ ഒരുക്കമുള്ളവർ എത്രയും വേഗം മാത്യൂസ് ലൂക്കോസിനെ സമീപിക്കുക.

# വരുന്നൂ ന്യായവിധി 2014ൽ

ആണ്ടും മാസവും തീയതിയും ഒക്കെ കൃത്യമായി പറഞ്ഞ് പ്രവചിക്കുന്ന പ്രവാചകൻമാർ ഏറെയുണ്ട്. പ്രവചനം ഫലിക്കാതെ വരുമ്പോൾ ഇത്തരക്കാർ കുഴപ്പത്തിലാകാറുമുണ്ട്. പക്ഷേ ഏനാത്തിനടുത്ത് എന്തൊക്കെയോ വേലകളുമായി നടക്കുന്ന ഡേവീസ് ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടു പിടിച്ചിരിക്കുന്നു. പത്തോ പതിനഞ്ചോ കൊല്ലം കഴിഞ്ഞുള്ള ഏതെങ്കിലും വർഷം പറഞ്ഞ് പ്രവചിക്കുക. പ്രവചനം തെറ്റിയതിന്റെ പേരിൽ ഉടനെയൊന്നും പിടിക്കപ്പെടുകയില്ല. വർഷങ്ങൾ പലത് കഴിയുമ്പോൾ ജനം എല്ലാം മറക്കും.

ഫണ്ട് ശേഖരണത്തിനായി ഇയാൾ ഇപ്പോൾ ഗൾഫ് പര്യടനം നടത്തുകയാണ്. ഈയിടെ സൗദിയിൽ ഒരു പ്രവചനം നടത്തി. 2014ൽ ദൈവം സൗദി അറേബ്യയെ ന്യായം വിധിക്കും. ഏതായാലും ഈ പ്രവചനത്തേക്കുറിച്ച് സൗദി സർക്കാർ അറിഞ്ഞിട്ടില്ല. അറിഞ്ഞാൽ ഡേവീസിന്റെ ന്യായവിധിക്ക് 2014 വരെ കാക്കേണ്ടിവരില്ല.

## പെട്ടി എടുപ്പിക്കുന്ന ശുശ്രൂഷ നന്നായി

ഹാലേലൂയ്യായുടെ ഒക്ടോബർ ഒന്ന് ലക്കത്തിൽ ''പെട്ടി എടുപ്പിക്കുന്ന ശുശ്രൂഷ'' എന്ന പേരിൽ തോമസ് മുല്ലക്കൽ എഴുതിയ ലേഖനം ഒന്നാംതരമായി. പെന്തക്കോസ്ത് നേതാക്കൻമാർ തിരുമേനി ചമയുന്നതിന്റെ ഭാഗമായി നടത്തുന്ന പെട്ടിയെടുപ്പിക്കൽ ശുശ്രൂഷയ്ക്കെതിരേയും ഈ നാണംകെട്ട പണിക്കു പോകുന്ന കുട്ടിയുപദേശിമാർക്കെതിരേയും പ്രതികരിക്കേണ്ടത് തികച്ചും ആവശ്യമായിരുന്നു.

# ദുർന്നടപ്പുകാർക്ക് റാന്നിയിൽ സ്വീകരണം

കുപ്രസിദ്ധ ദുർന്നടപ്പുകാരായ ടി.എസ്.ഏബ്രഹാം, കെ.സി ജോൺ എന്നിവർക്ക് റാന്നിയിൽ സ്വീകരണം നൽകി. ചുമ്മാ ഡോക്ടർ ബാബു ജോർജ് ആണ് പരിപാടി സംഘടിപ്പിച്ചത്. ടി.എസ്.ഏബ്രഹാം ബൈബിൾ സൊസൈറ്റിയുടെ കേരള ഘടകം പ്രസിഡന്റായതിലും കെ.സി.ജോൺ ഐ.പി.സിയുടെ പ്രസിഡന്റായതിലും അഭിനന്ദിക്കാനാണ് സമ്മേളനം വിളിച്ചത്.

സ്ഥലത്തെ പ്രധാന ഐ.പി.സി ദിവ്യനായ കെ.കെ.ചെറിയാന് ഈ പരിപാടി ആദ്യമൊന്നും അത്ര ഇഷ്ടമായിരുന്നില്ല. കെ.സി.ജോണിന് മഹത്വം കിട്ടുന്നതിലുള്ള കണ്ണുകടിയായിരുന്നു എതിർപ്പിന്റെ കാരണം. പ്രോഗ്രാം പൊളിയുമെന്ന് ചെറിയാൻ കരുതുകയും ചെയ്തിരുന്നു. പക്ഷേ സംഭവം നന്നാകുമെന്ന് തോന്നിയപ്പോൾ ചെറിയാൻ അടവ് മാറ്റി. കെ.സി.ജോണിനെ ഫോണിൽ വിളിച്ചു. റാന്നിയിൽ വരുന്ന കാര്യം അറിയിക്കാതിരുന്നതിന് പരിഭവം പറഞ്ഞു. എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്തു.

മീറ്റിംഗിൽ കെ.കെ.ചെറിയാൻ നിറഞ്ഞുനിന്നു. താനാണ് എല്ലാം സംഘടിപ്പിച്ചതെന്ന ഭാവത്തിൽ ഓടി നടന്നു. പക്ഷേ ഇത് ചുമ്മാഡോയ്ക്ക് രസിച്ചില്ല. സ്വീകരണത്തിന്റെ മറവിൽ ബാബു ജോർജ്ജിന് ഷൈൻ ചെയ്യാനുള്ള അവസരം കെ.കെ.ചെറിയാൻ ഇല്ലാതാക്കുകയാണ്. അതോടെ ബാബു ജോർജ് പിണങ്ങി. എങ്കിലും മീറ്റിംഗ് നടന്നു. ഐ.പി.സിയിലെ പ്രമുഖ വ്യഭിചാരികളായ ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ എന്നിവരെ റാന്നി പട്ടണം സ്വീകരിച്ചു.

# വിശ്വസാഹിത്യവുമായി അജി വീണ്ടും രംഗത്ത്

വലിയ ഒരു എഴുത്തുകാരനാകണമെന്നും ജ്ഞാനപീഠം, നൊബേൽ സമ്മാനം തുടങ്ങിയവ വരെ നേടണമെന്നുമാണ് അജിയുടെ ആഗ്രഹം. പക്ഷേ കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിൻ മീതെ പറക്കാൻ മോഹം എന്നു പറഞ്ഞതുപോലെയാണ് ഇപ്പോഴും കാര്യങ്ങൾ. എന്തെങ്കിലും എഴുതിയാൽ അത് വിഡ്ഢിത്തമായിത്തീരുന്നു.

കഴിഞ്ഞവർഷം ദശാവതാരത്തേക്കുറിച്ച് എഴുതി. വാക്കുകളുടെ അർത്ഥം മനസ്സിലാക്കാനുള്ള ബുദ്ധിയും അറിവും ഇല്ലാത്തതുകൊണ്ട് മഹാവിഷ്ണു രാമച്ചമായി അവതരിച്ചു എന്നുവരെ എഴുതിവെച്ചു.

ഇനി ഇത്തരം അബദ്ധം പറ്റരുതെന്നു കരുതി അജിക്ക് നന്നായി അറിയാവുന്ന കാര്യം എഴുതാൻ തീരുമാനിച്ചു. അങ്ങനെയാണ് അജി കഴിഞ്ഞലക്കം ക്രൈസ്തവചിന്തയിൽ നിലമ്പൂരിനേക്കുറിച്ച് എഴുതിയത്. അതിൽ ഒരു ഭാഗം ഇങ്ങനെയാണ്:

''നിലമ്പൂർ തെക്ക് ഗൂഡല്ലൂർ ഊട്ടി വരേയും രാജ്യവിസ്തൃതി വ്യാപിപ്പിച്ച കോവിലകം രാജഭക്തൻ തമ്പുരാൻ തിരുമുൽപ്പാട് 1850ൽ ഇഷ്ടദേവിയായ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിലേക്ക് കിലോമീറ്ററുകൾ കുതിരപ്പുറത്തു സഞ്ചരിച്ച് ദേവിയെ ഉപാസിച്ചിരുന്നു. പ്രായാധിക്യാമൂലം രാജാവ് ഇനി ഞാൻ ഇരിക്കുന്നിടത്തേക്ക് പോന്നോളൂ എന്ന് ദേവിയോട് പറഞ്ഞുവെന്നും ദേവി രാജാവിനൊപ്പം നിലമ്പൂർ വന്നുവെന്നും അപ്പോൾത്തന്നെ കുലദേവി പോയതറിഞ്ഞ് ഗൂഡല്ലൂരുള്ള ആദിവാസികൾ കോവിലകത്ത് വന്നുവെന്നും പറയുന്നു. ആദിവാസികൾക്ക് പ്രത്യുപകാരമായി ആണ്ടിലൊരിക്കൽ നിലമ്പൂർ പാട്ടെന്ന ഉത്സവം നടത്താമെന്നും അന്നേദിവസം ആദിവാസികൾക്ക് ഭക്ഷണം നൽകാമെന്നും രാജാവ് പറഞ്ഞുവത്രേ. സംഭവം എന്തുതന്നെയെങ്കിലും എല്ലാ വർഷവും ജനുവരി 7ന് കാടിറങ്ങി വരുന്ന ആദിവാസികൾ നിലമ്പൂർ കോവിലകത്തിന്റെ വേട്ടയ്ക്കൊരുമകൻ ക്ഷേത്രമൈതാനത്ത് ഭക്ഷണത്തിനായി അണിനിരക്കും''.

വാലും തലയുമില്ലാത്ത ഭാഷയിൽ അജി എഴുതിവെച്ചിരിക്കുന്ന വിഡ്ഢിത്തങ്ങൾ ഏറെയുണ്ടെങ്കിലും ഒരു പമ്പര വിഡ്ഢിത്തം മാത്രം ചൂണ്ടിക്കാട്ടാം:

വേട്ടയ്ക്കൊരുമകൻ എന്നത് ദേവിയല്ല ദേവനാണ്. ''മകൻ'' ദേവിയാകുകയില്ലല്ലോ. പരമശിവനും പാർവ്വതിയും വേടരുടെ വേഷം കെട്ടി നടന്ന കാലത്ത് ജനിച്ച മകനാണ് വേട്ടയ്ക്കൊരുമകൻ എന്നത്രേ വിശ്വാസം. ശാസ്താസങ്കല്പവുമായി ബന്ധമുള്ള ഒരു ദേവനാണിത്. ഈ ദേവനെ പിടിച്ച് അജി ദേവിയാക്കിയകാര്യം ഹിന്ദുക്കൾ അറിയാതിരിക്കട്ടെ.

# ദർശനക്കാരന് കൈവെയ്പ്പ് കിട്ടി

തിരുവനന്തപുരം ജില്ലക്കാരനെന്ന് പറയപ്പെടുന്ന ഒരു കള്ള ഉപദേശി ഈയിടെയായി ആലുവ, പെരുമ്പാവൂർ, കോതമംഗലം തുടങ്ങിയ ഭാഗങ്ങളിൽ ചുറ്റിയടിക്കുന്നുണ്ട്. ഏകദേശം 30 വയസ്സ് പ്രായം, ഇരുണ്ട നിറം, ആറടിയോളം പൊക്കം, മെലിഞ്ഞ ശരീരം, കൈയ്യിൽ സഞ്ചി തുടങ്ങിയതൊക്കെയാണ് ലക്ഷണം. ഏതു പെൺകുട്ടിയെ കണ്ടാലും ആ പെൺകുട്ടിയെ വിവാഹം കഴിക്കാൻ ദൈവം തന്നോടു പറഞ്ഞു എന്ന് ഇയാൾ പ്രഖ്യാപിക്കും. പിന്നീട് ഈ പെൺകുട്ടികളുടെ പിന്നാലെ ചുറ്റിത്തിരിയും. ചെല്ലുന്നിടത്തെല്ലാം ഇയാൾ ഈ വിദ്യ പ്രയോഗിച്ചുവരുന്നു. ഇത്തരമൊരു ദർശനത്തിന്റെ പേരു പറഞ്ഞ് പെരുമ്പാവൂരിലുള്ള ഒരു പെൺകുട്ടിയെ ഇയാൾ കോളേജിലും ബസ്സ്റ്റാന്റിലും പിൻതുടർന്നിരുന്നു. സഹികെട്ട രക്ഷിതാക്കൾ ഒടുവിൽ ദർശകന് കൈവെയ്പ്പു കൊടുത്ത് പ്രശ്നം പരിഹരിച്ചു. ഇപ്പോൾ കോതമംഗലത്തിരുന്നാണ് ദർശനം കാണുന്നതെന്നറിയുന്നു.

# ചിക്കുൻ ഗുനിയാ: അറിയേണ്ടതും അറിയിക്കേണ്ടതും

ചിക്കുൻ ഗുനിയ കേരളത്തിൽ പടർന്നു കൊണ്ടിരിക്കുന്ന സമയമാണിത്. ഈ രോഗം ബാധിച്ച് നിരവധി ആളുകൾ മരിക്കുന്നതായി വാർത്ത വന്നുകൊണ്ടുമിരിക്കുന്നു. പക്ഷേ മിക്കവർക്കും ഈ രോഗത്തേക്കുറിച്ച് ഏറെയൊന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് ചിക്കുൻ ഗുനിയ പനിയേക്കുറിച്ച് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഇവിടെ വിവരിക്കുകയാണ്.

### ചരിത്രം , രോഗാണു.

ചിക്കുൻ ഗുനിയാ പനി ഒരു തരം വൈറസ് രോഗമാണ്. 1953ൽ ആഫ്രിക്കയിലെ ടാൻസാനിയായിലാണ് ആദ്യമായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. 1963 ൽ ഇന്ത്യയിൽ ആദ്യമായി കൽക്കട്ടയിൽ ഈ രോഗം ഉണ്ടായി. ചിക്കുൻ ഗുനിയ എന്നതിന്റെ അർത്ഥം "വളഞ്ഞ് കുത്തിയത്" എന്നാണ്. സ്വാഹിലി ഭാഷയിൽ നിന്നെടുത്തതാണ് ഈ പദങ്ങൾ. കടുത്ത ശരീര വേദനയിൽ പുളയുന്ന രോഗിയുടെ അവസ്ഥയെ അനുസ്മരിച്ചാണ് ഈ പേര്. (പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ ചിക്കനുമായി ഈ രോഗത്തിന് ഒരുവിധത്തിലുള്ള ബന്ധവുമില്ല).

ടോഗാ എന്ന ഇനത്തിൽ പെട്ട ഒരു തരം ആൽഫാ വൈറസ് ആണ് രോഗ കാരണമായ അണു. പ്രകൃതിയിൽ മനുഷ്യരിലും കുരങ്ങുകളിലും മാത്രമാണ് ഈ രോഗം കണ്ടുവരുന്നത്.

### രോഗപ്പകർച്ച

ഈഡിസ് (Aedes) വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ് ചിക്കുൻ ഗുനിയാ പനി പരത്തുന്നത്. (ഡെങ്കിപ്പനി, മഞ്ഞപ്പനി ഇവ പകർത്തുന്ന അതേ ഇനം). ഈ വർഗ്ഗത്തിലെ ഈഡിസ് ഈജിപ്തി, ഈഡിസ് ആൽബോപിക്റ്റസ് (ടൈഗർ കൊതുക്) എന്നീ കൊതുകുകൾ രോഗം പരത്തുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ കൊതുകുകൾ പകൽ സമയത്ത്, പ്രത്യേകിച്ച് രാവിലെയും സന്ധ്യയ്ക്കുമാണ് കടിക്കുന്നത്. കേരളത്തിൽ എല്ലായിടത്തും കാണപ്പെടുന്ന ഈ കൊതുകുകൾ വീടിന് ചുറ്റും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ പെറ്റു പെരുകുന്നു.

### രോഗ ലക്ഷണങ്ങൾ

പെട്ടെന്നു തുടങ്ങുന്നതും ശക്തവുമായ പനി

തലവേദന

നടുവ് വേദന

സന്ധിവേദന -പ്രത്യേകിച്ച് കൈകാലുകളിൽ

സന്ധി നീര്

പേശികളിലെ വേദന മൂലം നടക്കാൻ ബുദ്ധിമുട്ട്

ഉറക്കക്കുറവ്

പ്രകാശത്തിലേക്ക് നോക്കുമ്പോൾ കണ്ണുകൾക്ക് അസഹ്യത

ചില രോഗികളിൽ തെലിപ്പുറമേയുണ്ടാകുന്ന ചുവന്നുതടിച്ച പാടുകൾ

കൊതുക് കടിച്ച് രണ്ട് മുതൽ പന്ത്രണ്ട് ദിവസങ്ങൾക്കകം ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാം. ചിലയാളുകളിൽ രോഗാണു ശരീരത്തിൽ പ്രവേശിച്ചാലും ലക്ഷണങ്ങൾ ഉണ്ടാകണമെന്നില്ല. എന്നാൽ ഇവരിൽ നിന്ന് രോഗം മറ്റുള്ളവരിലേക്ക് പകർന്നേക്കാനിടയുണ്ട്.

രോഗലക്ഷണങ്ങൾ 4-5 ദിവസങ്ങളിൽ കുറഞ്ഞേക്കാം. എങ്കിലും ശരീരവേദനയും ക്ഷീണവും ഒന്നു മുതൽ രണ്ടാഴ്ചവരെ നിൽക്കും. രോഗ ലക്ഷണങ്ങളും രോഗം പരത്തുന്ന കൊതുകും ഒന്നായ



ഈഡിസ് ഈജിപ്തി



ഈഡിസ് ആൽബോപിക്റ്റസ്
(ടൈഗർ കൊതുക്)

തിനാൽ ഡെങ്കിപ്പനിക്കും ചിക്കുൻ ഗുനിയാ പനിക്കും തമ്മിൽ ഏറെ സാമ്യമുണ്ട്. എന്നാൽ ഡെങ്കിയിലുണ്ടാകുന്ന രക്തസ്രാവം, രക്തസമ്മർദ്ദം കുറയൽ ഇവ ചിക്കുൻ ഗുനിയാ പനിയിൽ ഇല്ല. തലച്ചോറ്, വൃക്ക, ശ്വാസകോശം എന്നീ അവയവങ്ങളെ ചിക്കുൻ ഗുനിയാപനി ബാധിക്കാറില്ല.

### ചിക്കുൻ ഗുനിയായും മരണസാധ്യതയും

ചിക്കുൻ ഗുനിയാ പനി കൊണ്ട് മാത്രം മരണം സംഭവിക്കാറില്ല. എന്നാൽ ഹൃദയസംബന്ധമായതോ, തലച്ചോർ, ശ്വാസകോശം തുടങ്ങിയ അവയവങ്ങളെ ബാധിക്കുന്നതോ ആയ അസുഖങ്ങളുള്ളവരിൽ ചിക്കുൻ ഗുനിയാ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഒരിക്കൽ രോഗം ബാധിച്ചാൽ ശരീരത്തിന് പ്രതിരോധശക്തി കിട്ടുകവഴി വീണ്ടും ചിക്കുൻ ഗുനിയാ ഉണ്ടാവുകയില്ല.

### രോഗനിർണ്ണയം

രക്തസാമ്പിളിന്റെ ആന്റി ബോഡി, പി. സി. ആർ. എന്നീ ടെസ്റ്റുകളിലൂടെയാണ് രോഗനിർണ്ണയം നടത്തുന്നത് .

### രോഗം വരാതിരിക്കാൻ

കൊതുകുകടി കൊള്ളാതിരിക്കുക എന്നത് തന്നെയാണ് മുഖ്യമായ പ്രതിരോധമാർഗ്ഗം. കൊതുക് നിവാരണം ചിക്കുൻ ഗുനിയാ പനിയുടെ പ്രതിരോധത്തിന് അത്യന്താപേക്ഷിതമാണ്. കൊതുകു നിവാരണത്തിനുള്ള ഉചിതമായ മാർഗ്ഗം. കൊതുകുകളുടെ പ്രജനന സ്ഥലങ്ങൾ ഇല്ലാതാക്കുക എന്നതാണ്. താഴെപ്പറയുന്ന കാര്യങ്ങൾ പ്രധാനപ്പെട്ടവയാണ്.

➔ വീടുകളിലും പരിസരങ്ങളിലും വെള്ളം കെട്ടിക്കിടക്കുവാൻ അനുവദിക്കരുത്.

➔ വീടിലും, പരിസരത്തും കിടക്കുന്ന ചിരട്ട, പാത്രങ്ങൾ, ടയറുകൾ, പ്ലാസ്റ്റിക് കൂടുകൾ, കുപ്പി തുടങ്ങിയവ നിർമ്മാർജ്ജനം ചെയ്യുക, അഥവാ ഇവയിൽ വെള്ളം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പു വരുത്തുക.

➔ വാട്ടർ ടാങ്കുകൾ കൊതുക് കടക്കാത്ത രീതിയിൽ അടച്ച് സൂക്ഷിക്കുക.

➔ റബ്ബർ മരങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ചിരട്ടകൾ ഉപയോഗിക്കാത്ത അവസരങ്ങളിൽ കമഴ്ത്തി വെയ്ക്കുക.

➔ ഓടകളിൽ വെള്ളം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.

➔ ഗാർഹിക മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതെയും കുന്നുകൂടാതെയും ശ്രദ്ധിക്കുക.

➔ ജനാലകളും, വെന്റിലേറ്ററുകളും, കതകുകളും വലയിട്ട് സൂക്ഷിക്കുക.

➔ കൊതുക് ലാർവകളെ നശിപ്പിക്കുന്നതിന് വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ പുകയില കഷായം, വേപ്പെണ്ണ എന്നിവയോ ബാക്ടിസൈഡ് പോലുള്ള ഏതെങ്കിലും വസ്തുക്കളോ തളിക്കുക.

➔ കൊതുകുകടി ഏൽക്കാതിരിക്കുവാനുള്ള വ്യക്തിഗത ഉപാധികൾ സ്വീകരിക്കുക.

➔ ഗുൽഗുലു, വയമ്പ്, ചെഞ്ചല്യം, വേപ്പിൻ തൊലി, എരുക്ക്, കരിങ്ങാലി, ദേവതാരം മുതലായവ കൊണ്ട് വീടും പരിസരവും പുകയ്ക്കുക.

### രോഗം വന്നാൽ

രോഗബാധിതർക്ക് ഉടൻ വൈദ്യസഹായം എത്തിക്കുക.

മറ്റു പലരോഗങ്ങളിലുമെന്നപോലെ ചിക്കുൻ ഗുനിയാ പനി ബാധിച്ചവർക്കും ഏറ്റവും അത്യാവശ്യം വിശ്രമമാണ്.

ധാരാളം വെള്ളം കുടിക്കണം.

പനിക്ക് പാരസെറ്റമോൾ, നാപ്രോസെൻ തുടങ്ങിയ ഗുളികകൾ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ആസ്പിരിൻ ഒഴിവാക്കുക.

ചിക്കുൻ ഗുനിയാ പനിക്ക് പ്രത്യേക ചികിത്സ ഇല്ല, പ്രതിരോധ കുത്തിവെയ്പുമില്ല.

രോഗബാധിതരായവരെ കൊതുകു കടിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പനിയുള്ളപ്പോൾ അവരിൽ നിന്നും രോഗാണുക്കൾ കൊതുകു വഴി മറ്റുള്ളവരിലേക്ക് പകരാം.

മരുന്നു കഴിച്ചാൽ ജലദോഷം ഒരാഴ്ച കൊണ്ടും മരുന്നു കഴിച്ചില്ലെങ്കിൽ ഏഴു ദിവസം കൊണ്ടും മാറും എന്നു പറഞ്ഞതുപോലെയാണ് ചിക്കുൻ ഗുനിയയുടെ കാര്യവും. മരുന്നു കഴിച്ചാൽ രോഗലക്ഷണങ്ങൾക്ക് ആശ്വാസം ഉണ്ടാകുമെന്നല്ലാതെ രോഗം മാറുകയില്ല. മരുന്ന് കഴിച്ചില്ലെങ്കിലും ഒരു നിശ്ചിത സമയം കഴിയുമ്പോൾ രോഗം മാറും. അതുകൊണ്ട് അനാവശ്യ ആശങ്കകൾ ഒഴിവാക്കുക.

കൊതുക് പെരുകുന്നത് തടഞ്ഞാൽ ചിക്കുൻ ഗുനിയാ പനിയും തടയുവാൻ കഴിയും. കൊതുകു നിവാരണ യജ്ഞത്തിൽ ഓരോരുത്തരും പങ്കു ചേരുക.

**പൊതുജനങ്ങളുടെ അറിവിലേക്ക്**
**പ്രസിദ്ധീകരിക്കുന്നത്.**

ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ ആന്റ് സൈക്യാട്രിക് സോഷ്യൽ വർക്ക്
ജയ്ഭാരത് കോളേജ്
വെങ്ങോല
പെരുമ്പാവൂർ.

# അവറാച്ചന്റെ തിരുവായ്മൊഴികൾ

ഒരു മിനിട്ടിൽ ഒരു വിഡ്ഢിത്തം എന്ന ക്രമത്തിനാണ് കെ.എ.ഏബ്രഹാം പ്രസംഗിക്കുന്നത്. സംശയമുള്ളവർ ഒക്ടോബർ 6, 7 തീയതികളിൽ ദൈവവചനത്തിന്റെ നിസ്തുലതയേക്കുറിച്ച് കെ.എ.ബ്രഹാം ചവറിൽ നടത്തിയ പ്രസംഗം ഒരുവട്ടംകൂടി കേൾക്കൂ. (പ്രോഗ്രാം ദാരിദ്ര്യം മൂലം ഈ പ്രസംഗം ചവറിൽ പലവട്ടം സംപ്രേക്ഷണം ചെയ്തേക്കാം).

ബൈബിൾ നിസ്തുലമാണ് എന്ന് കെ.എ.ഏബ്രഹാം പറയുന്നു. വീണ്ടും ജനനം പ്രാപിച്ച എല്ലാവരും ഈ വസ്തുത അംഗീകരിക്കുമെന്നു തീർച്ച. പക്ഷേ ബൈബിൾ നിസ്തുലമാണെന്നു കാണിക്കാൻ ഒട്ടേറെ അബദ്ധങ്ങൾ കെ.എ.ഏബ്രഹാം എഴുന്നെള്ളിക്കുന്നു.

വേദപുസ്തകത്തിൽ എത്ര അദ്ധ്യായങ്ങളും വാക്യങ്ങളും ഉണ്ടെന്ന് കെ.എ.ഏബ്രഹാം ആദ്യംതന്നെ പറയുന്നു. അദ്ധ്യായവും വാക്യവും മറ്റും ദൈവീകമല്ലെങ്കിലും ലോകമെമ്പാടും ഇത് അംഗീകരിക്കപ്പെടുന്നതിനാൽ സ്വീകാര്യമാണ്. പക്ഷേ ഇത്രയും പറഞ്ഞ് നിർത്തിയാൽ തന്റെ ജ്ഞാനമാഹാത്മ്യം വെളിപ്പെടുകില്ലെന്ന് ഈ വിദ്വാന് തോന്നി. അതുകൊണ്ട് ബൈബിളിൽ എത്ര വാക്കുകളും എത്ര അക്ഷരങ്ങളുമുണ്ട് എന്നുകൂടി കൃത്യമായി പറയുന്നു. അദ്ധ്യായം, വാക്യം എന്നിവയുടെ എണ്ണം എല്ലാ തർജ്ജമയിലും ഒന്നുതന്നെ ആയിരിക്കും. പക്ഷേ വാക്ക്, അക്ഷരം എന്നിവയുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകും. ഉദാഹരണത്തിന് ബൈബിളിന് ഇംഗ്ലീഷിൽ നിരവധി തർജ്ജമകളുണ്ട്. ഇവയിൽ വാക്ക്, അക്ഷരം എന്നിവയുടെ എണ്ണം ഒന്നുപോലെയല്ല. മലയാളം ഉൾപ്പെടെ ഏതു ഭാഷ എടുത്താലും സ്ഥിതി ഇതുതന്നെ. എബ്രായ പഴയനിയമം, ഗ്രീക്ക് പുതിയ നിയമം എന്നിവയുടെ കാര്യമാണോ പറയുന്നത്? ആണെങ്കിൽ അവയിൽപ്പോലും പാഠഭേദങ്ങളുണ്ട്. എന്നിട്ടും ബൈബിളിൽ എത്ര വാക്കും എത്ര അക്ഷരവും ഉണ്ടെന്ന് കെ.എ.ഏബ്രഹാം കൃത്യമായി പറയുന്നു. അസാമാന്യ ചങ്കൂറ്റം തന്നെ.

ബൈബിൾ എന്നതിന് ഒരു പണ്ഡിതൻ നൽകിയതെന്ന ഭാവത്തിൽ ഈ പണ്ഡിതൻ ഒരു വ്യാഖ്യാനം നൽകുന്നുണ്ട്. അത് ഇങ്ങനെയാണ്: Book itself bring life eternal. ഏകവചനവും ബഹുവചനവും തമ്മിലുള്ള വ്യത്യാസം ഇതു പറഞ്ഞ പണ്ഡിതന് അറിഞ്ഞുകൂടെന്ന് വ്യക്തം.

"യൗവ്വന തലമുറ" എന്നൊരുതരം തലമുറയുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും യുവതലമുറയെ യൗവ്വനതലമുറ ആക്കിയേ കെ.എ.ഏബ്രഹാമിന് തൃപ്തിയാകൂ.

പത്രമാസികകൾ, പാഠപുസ്തകങ്ങൾ തുടങ്ങിയവയെല്ലാം ഒന്നോ രണ്ടോ വട്ടം വായിച്ചിട്ട് നാം ഉപേക്ഷിക്കും. ഇവ തൂക്കി വിറ്റെന്നും വരാം. പക്ഷേ ബൈബിൾ എത്ര പഴകിയാലും നാം തൂക്കി വിൽക്കുകയില്ല. കാരണം ബൈബിൾ നിസ്തുലമായ ഗ്രന്ഥമാണ്, കെ.എ.ഏബ്രഹാം പറയുന്നു. ഈ വാദത്തിൽ കഴമ്പില്ലെന്ന് പറയാതെ വയ്യ. ലോകത്ത് ഏറ്റവും ആദരിക്കപ്പെടുന്ന പുസ്തകം ഖുറാനാണ്. സംശയമുള്ളവർ ഖുറാനെ എങ്ങനെയാണ് മുസ്ലീങ്ങൾ ആദരിക്കുന്നതെന്ന് നേരിൽ കണ്ട് ബോദ്ധ്യപ്പെടുക. സിക്ക് മതക്കാർ ഗ്രന്ഥസാഹിബിനെ ഗുരുവായി പരിഗണിക്കയും ജീവനുള്ള ഒരു ഗുരുവിന് കൊടുക്കുന്ന എല്ലാ ബഹുമാനവും പരിചരണയും നൽകുകയും ചെയ്യുന്നു. ഹിന്ദുക്കൾ ഉൾപ്പെടെ എല്ലാ മതക്കാരും അവരുടെ മതഗ്രന്ഥത്തെ ബഹുമാനിക്കുന്നു. അതുകൊണ്ട് ബൈബിളിന് ലഭിക്കുന്ന ബഹുമാനം ബൈബിളിന്റെ നിസ്തുലതയുടെ തെളിവായി അംഗീകരിക്കാനാവില്ല.



ഏദെൻ പൂങ്കാവനത്തിലെ മണ്ണുകൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന് കെ.എ.ഏബ്രഹാം പറയുന്നു. ഇത് ശരിയാണോ? ഉല്പ. 2:7,8 വായിക്കുക. ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ച ശേഷമാണ് ഏദെൻ തോട്ടം ഉണ്ടാക്കിയതെന്ന് ബൈബിൾ വ്യക്തമായി പറയുന്നു.

ലോകം നിലനിൽക്കുന്നത് മൂന്നു ശാസ്ത്രങ്ങളുടെ ഫൗണ്ടേഷനിലാണെന്ന് കെ.എ.ഏബ്രഹാം കണ്ടുപിടിച്ചിട്ടുണ്ട്. ജിയോളജി, ആന്ത്രോപ്പോളജി, ആസ്ട്രോളജി എന്നിവ. ജിയോളജി എന്നത് ഭൂമിശാസ്ത്രമാണെന്ന് ഈ പണ്ഡിതൻ പറയുന്നു. അപ്പോൾ ജ്യോഗ്രഫിയുടെ മലയാളം എന്താണ്? ബയോളജിയും ഫിസിയോളജിയും ഒക്കെ ആന്ത്രോപ്പോളജിയുടെ ഭാഗമാണോ? ആസ്ട്രോളജി എന്നത് വാനശാസ്ത്രമാണോ ജ്യോതിഷമാണോ? വായിൽ തോന്നിയത് കോതയ്ക്കു മാത്രമല്ല കെ.എ.ഏബ്രഹാമിനും പാട്ടാണ്.

ദൈവം ഭൂമിയെ പപ്പടം പോലെ കൃത്യമായ വട്ടത്തിലാണ് സൃഷ്ടിച്ചതെന്ന് കെ.എ.ഏബ്രഹാം പറയുന്നു. "വെള്ളം ഒരു സ്ഥലത്ത് കൂടട്ടെ, ഉണങ്ങിയ നിലം കാണട്ടെ" എന്നു പറഞ്ഞതാണ് തെളിവ്. വെള്ളം ഒരു സ്ഥലത്ത് കൂടി ഉണങ്ങിയനിലം ഉണ്ടാകുമ്പോൾ പപ്പടംപോലെ കൃത്യമായ വൃത്താകാരം ഉണ്ടായേ മതിയാകൂ എന്നുണ്ടോ?

ഭൂമി എങ്ങനെയാണ് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടതെന്നും മഹാപണ്ഡിതനായ പ്രസംഗകൻ കണ്ടുപിടിച്ചിട്ടുണ്ട്. ഒരു വലിയ ചരുവത്തിനകത്ത് നിറയെ വെള്ളമൊഴിച്ചശേഷം മണ്ണു കൊണ്ട് ഗോളാകൃതിയിൽ ഒന്നുണ്ടാക്കി ആ വെള്ളത്തിൽ 150 ദിവസം സൂക്ഷിക്കുക. എന്തു സംഭവിക്കും? തീർച്ചയായും മണ്ണ് വെള്ളത്തിൽ കലങ്ങിപ്പോകും. ജലപ്രളയകാലത്ത് ഭൂമി ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടത് ഇങ്ങനെയാണെന്ന് കെ.എ.ഏബ്രഹാം പറയുന്നു. ഇവിടെ പ്രധാനപ്പെട്ട രണ്ട് വിഡ്ഢിത്തങ്ങളാണ് പ്രസംഗകൻ എഴുന്നെള്ളിക്കുന്നത്. ജലപ്രളയത്തിന്റെ ദൈർഘ്യം 150 ദിവസമല്ല ഒൻപതു മാസത്തിൽ അധികം കാലമാണ്. (ഉല്പ. 7:11, 8:13). ഭൂമി ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടത് ജലപ്രളയ കാലത്തല്ല എന്നതാണ് മറ്റൊരു പ്രശ്നം. ഉല്പ. 11:25 വായിക്കുക.

And unto Eber were born two sons: the name of one was Peleg; for in his days was the earth divided; and his brother's name was Joktan. (മലയാളത്തിൽ ഈ ഭാഗം ശരിക്കല്ല തർജ്ജമ ചെയ്തിരിക്കുന്നത്). ജലപ്രളയത്തിനു ശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞാണ് ഈ സംഭവം ഉണ്ടായത്. മണ്ണാംകട്ട വെള്ളത്തിൽ അലിയുന്നതുപോലെയല്ല ഭൂമി വിഭജിക്കപ്പെട്ടത്. ദൈവവചനം ശ്രദ്ധിച്ച് പഠിച്ചിരുന്നെങ്കിൽ ഈ വസ്തുതകളൊക്കെ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

തികവുറ്റ ഭാഷയിൽ കിടയുറ്റ ചിന്തകളുമായി മികവുറ്റ എഴുത്തുകാരൻ എഴുതപ്പെട്ട ലോകത്തിലെ ഏക വിശ്വാസ പ്രഖ്യാപന ഗ്രന്ഥം ബൈബിളാണ് എന്ന് കെ.എ.ഏബ്രഹാം പറയുന്നു. പ്രാസത്തിന്റെ ചെപ്പടിവിദ്യ കാട്ടി ദിവ്യനാകാൻ ശ്രമിക്കുന്ന കെ.എ. ഏബ്രഹാം ആദ്യമായി പാസ്സീവ്-ആക്ടീവ് വോയിസുകൾ പഠിക്കണം. എഴുത്തുകാരൻ എഴുതപ്പെട്ടു എന്നും മറ്റും എഴുന്നെള്ളിക്കുന്നത് ഒഴിവാക്കാൻ ഇത് സഹായകമാകും.

പരിണാമ സിദ്ധാന്തം എന്നതിന്റെ ഇംഗ്ലീഷ് എന്താണ്? Evolution Theory എന്ന് ഏവരും സമ്മതിക്കും. പക്ഷേ പരിണാമ സിദ്ധാന്തം എന്നത് കെ.എ.ഏബ്രഹാം Conversion Theory ആക്കിയിരിക്കുന്നു.

എന്താണ് പരിണാമ സിദ്ധാന്തം? ആദ്യം സസ്യലോകം ഉണ്ടായി എന്നും സസ്യലോകത്തിൽ നിന്ന് ജന്തുലോകം ഉണ്ടായെന്നും അതിൽ നിന്ന് മനുഷ്യൻ ഉണ്ടായി എന്നുമാണ് പരിണാമ സിദ്ധാന്തം എന്നത്രേ കെ.എ.ഏബ്രഹാം പറയുന്നത്? സസ്യം എന്നതുകൊണ്ട് എന്താണാവോ അർത്ഥമാക്കുന്നത്? സസ്യമെന്നോ ജന്തുവെന്നോ പറയാനാവാത്ത ഏതെങ്കിലും ഏകകോശ ജീവിയേക്കുറിച്ചാണോ?

പരിണാമ സിദ്ധാന്തം ശരിയാണെങ്കിൽ ഇനി ഉണ്ടാകാനുള്ള പരിണാമം പാപികൾ നിത്യനരകത്തിലേക്കും വിശുദ്ധർ സ്വർഗ്ഗത്തിലേക്കും പോകുക എന്നതാണെന്ന് ഈ വിദ്വാൻ പറയുന്നു. അപാര പാണ്ഡിത്യം തന്നെ. പരിണാമ സിദ്ധാന്തം ശരിയാണെങ്കിൽ ബൈബിളിലെ സൃഷ്ടികഥ വെറും കിഴവിക്കഥയാണെന്നു വരും. മനുഷ്യന്റെ വീഴ്ച, വീണ്ടെടുപ്പ് തുടങ്ങിയവയ്ക്കും അർത്ഥമില്ലാതാകും. സ്വർഗ്ഗം, നരകം തുടങ്ങിയവയുടെ കാര്യം പറയുകയും വേണ്ട. പക്ഷേ ഇത്തരം പ്രശ്നങ്ങളൊന്നും കെ.എ.ഏബ്രഹാമിനെ അലട്ടുന്നതേയില്ല.

സൂര്യൻ ഗ്രഹമോ നക്ഷത്രമോ? സംശയം വേണ്ട, നക്ഷത്രം തന്നെ. പക്ഷേ കെ.എ.ഏബ്രഹാമിന് സൂര്യൻ ഗ്രഹമാണ്.

സൂര്യനിൽ പ്രകാശം ഉണ്ടാകുന്നതെങ്ങനെ? അതിന്റെ രഹസ്യം കെ.എ.ഏബ്രഹാം വെളിപ്പെടുത്തുന്നു: സൂര്യനിൽ ഹീലിയം എന്ന വാതകമുണ്ട്. അത് കത്തിയാണ് സൂര്യനിൽ വെളിച്ചമുണ്ടാകുന്നത്. ഹീലിയം മുഴുവനും കത്തിത്തീരുന്നതോടെ സൂര്യന് വെളിച്ചം കൊടുക്കാൻ കഴിയാതെവരും. ഇത്ര വലിയ ഒരു കണ്ടുപിടുത്തം നടത്തിയ കെ.എ. ഏബ്രഹാമിന് തീർച്ചയായും നൊബേൽ സമ്മാനം കൊടുക്കണം. ഇതൊക്കെ കേട്ട് ഹാലേലൂയ്യാ പറയാനും ആളുണ്ട്.

സൂര്യനിൽ ഊർജ്ജം ഉണ്ടാകുന്നതെങ്ങനെ? അത് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. ഫ്യൂഷൻ എന്ന പ്രക്രിയയിലൂടെയാണ് സൂര്യനിൽ ഊർജ്ജം ഉണ്ടാകുന്നത്. നാലു ഹൈഡ്രജൻ ആറ്റങ്ങൾ ചേർന്ന് ഒരു ഹീലിയം ആറ്റം ഉണ്ടാകുന്നു. ഹൈഡ്രജനിൽ ഒരു പ്രോട്ടോണും ഒരു ഇലക്ട്രോണും മാത്രമേയുള്ളൂ. അതുകൊണ്ട് ഹൈഡ്രജന്റെ ആറ്റമിക് നമ്പറും ഭാരവും ഒന്ന് ആണ്. എന്നാൽ ഹീലിയത്തിന്റെ ആറ്റമിക് നമ്പർ രണ്ടും ഭാരം നാലും ആണ്. ഹീലിയത്തിൽ രണ്ട് പ്രോട്ടോണും രണ്ട് ഇലക്ട്രോണും മാത്രമല്ല രണ്ട് ന്യൂട്രോണുകളും ഉണ്ട്. നാല് ഹൈഡ്രജൻ ആറ്റങ്ങൾ ചേർന്ന് ഒരു ഹീലിയം ആറ്റം ഉണ്ടാകുന്നു. രണ്ട് പ്രോട്ടോണുകളും രണ്ട് ഇലക്ട്രോണുകളും ചേർന്നാണ് രണ്ട് ന്യൂട്രോണുകൾ ഉണ്ടാകുന്നത്. അപ്പോൾ കുറെ ഊർജ്ജം പുറത്തുവരുന്നു. ഇങ്ങനെയാണ് സൂര്യനിൽ ഊർജ്ജം ഉണ്ടാകുന്നത്. ഹൈഡ്രജൻ ബോംബിൽ നടക്കുന്നതും ഫ്യൂഷനാണ്. ഇതൊക്കെ മനസ്സിലാക്കാതെ ഹീലിയും കത്തിയാണ് സൂര്യനിൽ ഊർജ്ജം ഉണ്ടാകുന്നതെന്നൊക്കെ പറയണമെങ്കിൽ അസാമാന്യ തൊലിക്കട്ടി വേണം.

ഏതു ശാസ്ത്രത്തിനും ഈ ഭൂമിയിൽ നിലനിൽക്കണമെങ്കിൽ അഞ്ചു ഘടകങ്ങൾ വേണം എന്ന് കെ.എ.ഏബ്രഹാം പറയുന്നു. അത് ശരിയാണ്. പക്ഷേ ഈ അഞ്ചു ഘടകങ്ങൾ ഏതെന്ന് കെ.എ.ഏബ്രഹാമിന് നിശ്ചയമില്ല. ഇദ്ദേഹത്തിന്റെ ശാസ്ത്രമനുസരിച്ച് ഈ ഘടകങ്ങൾ ഇവയാണ്: 1. സമയം. 2. മാറ്റർ. 3. ഊർജ്ജം. 4. എനർജി. 5. സ്പേസ്. ഇതൊക്കെ കേൾക്കുമ്പോൾ ചിരിക്കണോ കരയണോ എന്ന് നിശ്ചയമില്ല. ഊർജ്ജവും എനർജിയും ഒന്നല്ലേ മാളോരേ? പറഞ്ഞു വന്നപ്പോൾ അബദ്ധത്തിൽ തെറ്റിയതാണെന്ന് കരുതരുത്. കാരണം, ഈ അബദ്ധം പ്രസംഗത്തിൽ പലവട്ടം ആവർത്തിക്കുന്നുണ്ട്.

In the begining God created heavens and earth എന്നൊരു വാക്യം ബൈബിളിലുണ്ടെന്ന് കെ.എ.ഏബ്രഹാം പറയുന്നു. ഏത് തർജ്ജമയിലാണ് ഇത്തരമൊരു വിചിത്രമായ ഇംഗ്ലീഷ് ഉള്ളതെന്ന് അറിഞ്ഞുകൂടാ.

തീർന്നില്ല. ഈ വിധത്തിലുള്ള അസംബന്ധങ്ങൾ ഇനിയും ഏറെയുണ്ട്. എങ്കിലും സാമ്പിളിന് ഇത്രയും മതിയല്ലോ. അരമണിക്കൂറിൽ താഴെ മാത്രം ദൈർഘ്യമുള്ള ഒരു പ്രസംഗത്തിൽ ഇത്രയധികം വിഡ്ഢിത്തങ്ങൾ കുത്തിനിറയ്ക്കാൻ ഈ ഭൂമിമലയാളത്തിൽ കെ.എ.ഏബ്രഹാമിനല്ലാതെ മറ്റാർക്കും കഴിയുമെന്ന് തോന്നുന്നില്ല.

ഇയാൾ എന്തെങ്കിലും പ്രസംഗിക്കട്ടെ എന്നു പറഞ്ഞ് തള്ളിക്കളയാവുന്ന കാര്യമാണോ ഇത്? അല്ലെന്നു തീർച്ച. കെ.എ. ഏബ്രഹാമിന്റെ ഈ കലാപരിപാടി ഇന്നത്തെ നിലയിൽ തുടർന്നാൽ ആയിരങ്ങൾ വഴിതെറ്റും. ദൈവവചനത്തിൽ കാര്യമായ അറിവില്ലാത്തവർ ഈ പ്രസംഗങ്ങൾ കോപ്പിയടിച്ച് പ്രസംഗിക്കും. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനത്തിന്റെ സ്ഥാനത്ത് വിഡ്ഢിത്തം കയറിപ്പറ്റും. അത് തടഞ്ഞേ പറ്റൂ.

ദൈവവചനം സത്യമാണ്. ജനം ദൈവവചനത്തിലുള്ള സത്യം അറിഞ്ഞാൽ ആ സത്യം അവരെ സ്വതന്ത്രരാക്കും. അത് തടയാൻ സാത്താൻ എല്ലാവിധത്തിലും ശ്രമിച്ചുവരുന്നു. കെ.എ. ഏബ്രഹാമിനേപ്പോലുള്ള കപട പണ്ഡിതൻമാരെ കൈകളിലെടുത്ത് സാത്താൻ ജനവഞ്ചന നടത്തുകയാണ്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ ഈ സാത്താന്യ തന്ത്രം തിരിച്ചറിയണം.

# വിവരക്കേടിനൊരു സൗദി ഭാഷ്യം

വിവരക്കേടും കെ.എ.ഏബ്രഹാമും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. കഴിഞ്ഞലക്കം ഡിഫെൻഡറിൽ കെ.എ.ഏബ്രഹാമിനേക്കുറിച്ച് എഴുതിയ ലേഖനം വായിച്ച (സൗദിയിലുള്ള) ഒരു ദൈവദാസൻ അയച്ച കത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇതാ:

"ഡിഫെൻഡർ പതിവായി കിട്ടുന്നുണ്ട്. നന്ദി. കെ.എ.ഏബ്രഹാമിനേക്കുറിച്ച് എഴുതിയത് വായിച്ചു. നാലു വർഷം മുൻപ് ഇദ്ദേഹം സൗദിയിൽ വന്ന് ഒട്ടേറെ വിഡ്ഢിത്തങ്ങൾ പ്രസംഗിച്ചു. അവയെല്ലാം വിശദമായി എഴുതാൻ തുനിയുന്നില്ല.

"ജനങ്ങളുടെ കൈയ്യടി നേടാൻ പലതും വിളിച്ചു പറയുകയാണ്. കെ.എ.ഏബ്രഹാമിന്റെ പേരെടുത്തു പറയാതെ ഞാൻ ഈ വിഷയത്തേക്കുറിച്ച് മറ്റൊരു പത്രത്തിൽ എഴുതിയിരുന്നു. യേശുവിനെ ക്രൂശിക്കാൻ വിധിച്ചതിന്റെ പിറ്റേന്ന് പീലാത്തോസിനെ കണ്ടത് മിസ്സോറി-മിസിസ്സിപ്പിയിലാണെന്ന് അദ്ദേഹം പറഞ്ഞു.

"കാനാവിൽ ആറു പാത്രങ്ങളാണ് ഉണ്ടായിരുന്നത്. ആറ് സാത്താന്റെ സംഖ്യയാണ്. യേശു അടുത്തു വന്നപ്പോൾ സംഖ്യ ഏഴായി. ഏഴ് ദൈവത്തിന്റെ സംഖ്യയാണ്. സാത്താൻ മാറി ദൈവം വന്നപ്പോൾ വെള്ളം വീഞ്ഞായിമാറി. സർക്കാർ സമ്മതിച്ചാൽ വീരപ്പനെ പിടിക്കാൻ പോകാമെന്ന് ഏതാനും വർഷം മുൻപ് കൊല്ലത്തു നടന്ന ഒരു കൺവെൻഷനിൽ കെ.എ.ഏബ്രഹാം പ്രഖ്യാപിച്ചതും ഓർക്കുന്നു. ജനത്തിന്റെ കൈയ്യടി നേടാൻ ഇങ്ങനെ എന്തു വിഡ്ഢിത്തവും വിളിച്ചു പറയുന്നത് കെ.എ.ഏബ്രഹാമിന്റെ സ്വഭാവമാണ്. ഇതിന് ഒരു അവസാനം ഉണ്ടായേ മതിയാകൂ".

RNI No. 68089 / 97 | **THE DEFENDER** | REGISTERED
2006 October 16 | KL/ALY/0031/2006-08

# അച്ചൻകുഞ്ഞിനോട് ഡിഫെൻഡർ എന്തുകൊണ്ട് വിയോജിക്കുന്നു?

അച്ചൻകുഞ്ഞ് ഇലന്തൂർ കൊടിയ ദുരുപദേശക്കാരനാണെന്നും ഈ കാരണത്താലാണ് ഡിഫെൻഡർ അച്ചൻകുഞ്ഞിനോട് വിയോജിക്കുന്നതെന്നും കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നു. ഇനി അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കുകയാണ്.

നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്നവരെല്ലാം രക്ഷിക്കപ്പെടുമെന്നും ഈ കാരണത്താൽ കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവരും രക്ഷിക്കപ്പെട്ടവരാണെന്നും അച്ചൻകുഞ്ഞ് പ്രചരിപ്പിക്കുന്നു. കത്തോലിക്കാമതത്തിന്റെ പ്രചാരകനായ ബെന്നി പുന്നത്തറ മരുപ്പച്ചയിലെ സ്ഥിരം എഴുത്തുകാരനായത് ഈ വിധത്തിലാണ്. രക്ഷിക്കപ്പെട്ട വ്യക്തി എന്ന നിലയിലാണ് അച്ചൻകുഞ്ഞ് ബെന്നിയെ പരിഗണിക്കുന്നത്.

ബെന്നി പുന്നത്തറയെ ദൈവദാസനായി അവതരിപ്പിക്കുന്നതിന്റെ അപകടം തിരിച്ചറിയാൻ മരുപ്പച്ചയുടെ ഒക്ടോബർ 5 ലക്കം നോക്കിയാൽ മതി. മറിയാമ്മ സാമുവേൽ മണലേൽ, തലവടി എന്നൊരാൾ ബെന്നിയുടെ എഴുത്തിനേക്കുറിച്ച് പറയുന്നു: ''തുടർച്ചയായി മരുപ്പച്ചയിൽ വരുന്ന ബെന്നി പുന്നത്തറ എഴുതുന്ന ധ്യാനം ഞാൻ തുടർച്ചയായി വായിക്കാറുണ്ട്. കർത്തൃദാസന്റെ ഈ ലേഖനങ്ങൾ എന്റെ ആത്മീയ ജീവിതത്തിൽ വളരെ കരുത്തും സന്തോഷവും നൽകുന്നതാണ്. ആഴമേറിയ ആത്മീയ അനുഭവങ്ങൾ ഉൾക്കൊള്ളുന്ന സത്താണ് അതിനുള്ളിൽ. തുടർന്നും കർത്തൃദാസന്റെ ധ്യാനലേഖനങ്ങൾ മരുപ്പച്ചയിൽക്കൂടി വായിക്കുവാനും അനുഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നു''. കത്തോലിക്കാ മതപ്രചാരകനായ ബെന്നി കർത്തൃദാസനാണെങ്കിൽ അച്ചൻകുഞ്ഞ് അംഗമായിരിക്കുന്ന ഐ.പി.സി ഒരു തട്ടിപ്പ് പ്രസ്ഥാനമാണെന്ന് തീർച്ച. മറിച്ച് ഐ.പി.സി സത്യോപദേശമാണ് പഠിപ്പിക്കുന്നതെങ്കിൽ ശുദ്ധ കത്തോലിക്കനായ ബെന്നി കർത്തൃദാസനല്ല. കത്തോലിക്കാ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ബെന്നിയെ കർത്തൃദാസനായി അവതരിപ്പിച്ച്, എട്ടും പൊട്ടും തിരിയാത്തവരെ വഴിതെറ്റിക്കുന്ന അച്ചൻകുഞ്ഞ് ദുരാത്മാവിന്റെ പിടിയിലാണെന്ന് പറയാതെവയ്യ.

നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിച്ചാൽ മതിയെങ്കിൽ അച്ചൻകുഞ്ഞ് എന്തിന് മാർത്തോമ്മാ സഭ വിട്ട് ഐ.പി.സിയിൽ ചേർന്നു? വിശ്വാസസ്നാനം അത്യന്താപേക്ഷിതമല്ലെങ്കിൽ ശിശുസ്നാനമേറ്റ അച്ചൻകുഞ്ഞ് എന്തിന് വിശ്വാസസ്നാനമേറ്റു? ഇത്തരം ചോദ്യങ്ങൾക്കൊന്നും അച്ചൻകുഞ്ഞ് മറുപടി പറയുകയില്ല. പെന്തക്കോസ്തുകാരുടെ ഇടയിൽ ശുദ്ധ പെന്തക്കോസ്തുകാരനായും സമുദായക്കാരുടെ ഇടയിൽ വിശ്വാസ വീരനായും വിലസാൻ ഈ മൗനം ആവശ്യമാണ്.

നിഖ്യാ വിശ്വാസപ്രമാണത്തേക്കുറിച്ച് നാഴികയ്ക്കു നാല്പതു വട്ടം പറയുമെങ്കിലും എന്താണ് നിഖ്യാ വിശ്വാസപ്രമാണമെന്ന് അച്ചൻകുഞ്ഞിന് അറിഞ്ഞുകൂടാ. ഇത് അച്ചൻകുഞ്ഞിന്റെ മാത്രം പ്രശ്നവുമല്ല. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും ഇതൊന്നും അറിയില്ല. എന്തെങ്കിലുമൊക്കെ പറഞ്ഞ് മേശയിലടിച്ച് ഉണർവ്വുണ്ടാക്കി അഷ്ടിക്കുള്ള വക കണ്ടെത്തുന്ന ശരാശരി പാസ്റ്റർക്ക് ഇതൊന്നും പഠിക്കാനോ ജനത്തെ ബോധവത്ക്കരിക്കാനോ താല്പര്യവുമില്ല. അതുകൊണ്ട് അച്ചൻകുഞ്ഞിനേപ്പോലുള്ളവർക്ക് പെന്തക്കോസ്തുകാരെ കബളിപ്പിക്കാൻ ബുദ്ധിമുട്ടേണ്ടതായി വരുന്നില്ല.

എ.ഡി. 325ൽ നടന്ന നിഖ്യാ സുന്നഹദോസിൽ ഉണ്ടായ വിശ്വാസപ്രമാണത്തേയാണ് നിഖ്യാ വിശ്വാസപ്രമാണം എന്നു പറയുന്നത്. പക്ഷേ ഇന്ന് സമുദായങ്ങളിൽ നിഖ്യാ വിശ്വാസപ്രമാണം എന്ന പേരിൽ ചൊല്ലുന്നത് യഥാർത്ഥ നിഖ്യാ വിശ്വാസപ്രമാണമല്ല. എ.ഡി. 381ൽ കോൺസ്റ്റാന്റിനോപ്പിളിൽ വെച്ച് നടന്ന സുന്നഹദോസിൽ രൂപം കൊടുത്ത വിശ്വാസപ്രമാണത്തിൽ ചില്ലറ ഭേദഗതികളൊക്കെ വരുത്തി ചൊല്ലുകയാണ് സമുദായക്കാർ ചെയ്യുന്നത്.

യഥാർത്ഥ നിഖ്യാ വിശ്വാസ പ്രമാണം ദൈവവചനാനുസൃതമുള്ളതാണ്. എന്നാൽ കോൺസ്റ്റാന്റിനോപ്പിളിൽ വെച്ച് രൂപം കൊടുത്ത വിശ്വാസപ്രമാണത്തിൽ ദുരുപദേശങ്ങൾ കടന്നു കൂടിയിട്ടുണ്ട്. പാപമോചനത്തിന് മാമ്മോദീസ ഒന്നു മാത്രം എന്നും മറ്റുമുള്ള ഏച്ചുകെട്ടുകൾ അങ്ങനെ വന്നതാണ്.

ദൈവസഭയുടെ ആരംഭ കാലം മുതൽ തന്നെ ദുരുപദേശങ്ങൾ സഭയിൽ പ്രചരിക്കാൻ തുടങ്ങി. ന്യായപ്രമാണം അനുസരിച്ചാൽ മാത്രമേ രക്ഷിക്കപ്പെടൂ എന്ന് ചിലർ പഠിപ്പിച്ചു. ദൈവത്തേക്കുറിച്ച് കുറെ വിചിത്ര വ്യാഖ്യാനങ്ങളുമായി ജ്ഞാനവാദം എത്തി. എന്നാൽ യേശുക്രിസ്തുവിന്റെ ദൈവത്വം, പരിശുദ്ധാത്മാവിന്റെ ആളത്വം തുടങ്ങിയ വിഷയങ്ങളേക്കുറിച്ചായിരുന്നു ഏറെ ദുരുപദേശങ്ങൾ ഉണ്ടായത്. സഭയുടെ അടിസ്ഥാന വേദോപദേശങ്ങളെ തകർക്കുന്നത്ര ഗൗരവമുള്ള പ്രശ്നമായി ഇത് മാറി. എ.ഡി. നാലാം നൂറ്റാണ്ടായപ്പോഴേക്ക് ഈ പ്രശ്നം രൂക്ഷമായി. അറിയൂസ് എന്ന വ്യക്തിയുടെ നേതൃത്വത്തിൽ ത്രിത്വ വിരുദ്ധ വാദം ശക്തിപ്രാപിച്ചു. അദ്ദേഹം പഠിപ്പിച്ച പ്രധാന ദുരുപദേശങ്ങൾ:

1. പിതാവായ ദൈവം മാത്രമാണ് നിത്യൻ.
2. യേശുക്രിസ്തു ദൈവത്തിന്റെ ആദ്യ സൃഷ്ടിയും സമ്പൂർണ്ണ സൃഷ്ടിയുമാണ്.
3. പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു.
4. ക്രിസ്തുവിന് ശരീരവും മനസ്സും ഉണ്ടായിരുന്നെങ്കിലും മനുഷ്യാത്മാവ് ഇല്ലായിരുന്നു. ലോഗോസ് ആയിരുന്നു യേശുക്രിസ്തുവിന്റെ ആത്മാവ്.
5. പരിശുദ്ധാത്മാവ് യേശുക്രിസ്തുവിന്റെ ആദ്യ സൃഷ്ടിയാണ്.
6. പിതാവിന്റെ അതേ സാരാംശമുള്ളവനല്ല യേശുക്രിസ്തു. പിതാവ് മാത്രമാണ് തന്നത്താൻ സ്ഥിതി ചെയ്യുന്നവൻ.
7. യേശുക്രിസ്തു സർവ്വജ്ഞനല്ല. അതുകൊണ്ട് പിതാവിനെ പൂർണ്ണമായി അറിയുന്നവനുമല്ല.
8. യേശുക്രിസ്തുവിന് പാപം ചെയ്യാൻ കഴിയുമായിരുന്നു. ദൈവകൃപയാൽ മാത്രമാണ് പാപം ചെയ്യാതിരുന്നത്.

ഇക്കാലത്ത് യഹോവാ സാക്ഷിക്കാരും മറ്റും ചെയ്യുന്നതുപോലെ യേശുക്രിസ്തുവിനെ ഒരു കുട്ടിദൈവം ആക്കാനുള്ള ശ്രമമാണ് അറിയൂസ് നടത്തിയത്. ഈ കൊടിയ ദുരുപദേശം വിശകലനം ചെയ്ത് അന്തിമ വിധി പ്രഖ്യാപിക്കാനായി സഭാനേതാക്കൻമാർ എ.ഡി. 325 ജൂൺ 19ന് നിഖ്യായിൽ സമ്മേളിച്ചു. ത്രിത്വത്തെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും മീറ്റിംഗിൽ പങ്കെടുത്ത 318 ദൈവദാസൻമാർ നിഖ്യാ വിശ്വാസപ്രമാണത്തിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. അറിയൂസും മറ്റ് അഞ്ചു പേരും ഒപ്പിട്ടില്ല. അങ്ങനെ നിഖ്യായിൽവെച്ച് ആകമാനസഭ അംഗീകരിച്ച വിശ്വാസപ്രമാണം ഇതാണ്:

<u>നിഖ്യാ വിശ്വാസപ്രമാണം</u>
(എ.ഡി. 325)

1. ഞങ്ങൾ വിശ്വസിക്കുന്നു, സർവ്വാധിപതിയായ പിതാവായി ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവായ ഏക ദൈവത്തിലും
2. ദൈവത്തിന്റെ ഏക പുത്രനും പിതാവിൽ നിന്ന്, അതായത് പിതാവിന്റെ തത്വത്തിൽ നിന്ന് ഏക പുത്രനായി ജനിച്ചവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടി അല്ലാത്തവനും പിതാവിന്റെ തത്വം തന്നെയുള്ളവനും താൻ മുഖാന്തിരം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ഇറങ്ങിവന്നു ശരീരം ധരിച്ചു മനുഷ്യനായി തീർന്നവനും പീഡയനുഭവിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തവനും ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിക്കാൻ വരാനിരിക്കുന്നവനും ആയ ഏക കർത്താവായ യേശു മിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു).
3. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.

അവൻ (യേശുക്രിസ്തു) ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു എന്നും അവൻ ജനിക്കുന്നതിനു മുമ്പ് സ്ഥിതി ചെയ്തിരുന്നില്ല എന്നും ഇല്ലായ്മയിൽ നിന്നും അവൻ ഉണ്ടായി എന്നും അവൻ ഭിന്നമായ ഒരു തത്ത്വത്തിൽ നിന്നും ഉളവായി എന്നും സൃഷ്ടിയാണെന്നും ദൈവപുത്രൻ ഭേദപ്പെടുമെന്നും വ്യത്യാസപ്പെടാവുന്നവനാണെന്നും പറയുന്നവരെ കാതോലികവും അപ്പൊസ്തോലികവുമായ സഭ ശപിക്കുന്നു.

നിഖ്യാ സുന്നഹദോസിനുശേഷം സഭയിൽ ദുരുപദേശങ്ങൾ കടന്നു കയറാൻ തുടങ്ങി. ക്രിസ്തുമതം രാജ്യത്തിന്റെ മതമായതോടെ പാഗൺ മത വിശ്വാസികൾ കൂട്ടത്തോടെ സഭയിലെത്തി. തങ്ങളുടെ മതത്തിലെ വിശ്വാസാചാരങ്ങളുമായാണ് അവർ സഭയിലെത്തിയത്. ഏറെ താമസിയാതെ അവർ സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ പോലും തിരുത്താൻ ശക്തിയുള്ളവരായിത്തീർന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ മാത്രം ലഭിക്കുന്ന പാപമോചനം മാമ്മോദീസയാൽ മാത്രം ലഭിക്കുന്നതാക്കി അവർ മാറ്റി. എ.ഡി. 381ൽ കോൺസ്റ്റാന്റിനോപ്പിളിൽ വെച്ച് നടന്ന സുന്നഹദോസിൽ നിഖ്യാ വിശ്വാസപ്രമാണത്തിൽ മായം ചേർത്തു. അങ്ങനെ പുതിയൊരു വിശ്വാസപ്രമാണം അവർ ഉണ്ടാക്കി. അത് ഇപ്രകാരമാണ്:

<u>കുസ്തന്തിനോപോലീസ്</u>
(എ.ഡി. 381)

1. സർവ്വാധിപതിയായ പിതാവായി ആകാശത്തിന്റേയും ഭൂമിയുടേയും ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
2. ദൈവത്തിന്റെ ഏകജാതനായ പുത്രനും സർവ്വ ലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടി അല്ലാത്തവനും പിതാവിന്റെ തത്ത്വം തന്നെ ഉള്ളവനും താൻ മുഖാന്തിരം സകലതും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വിശുദ്ധ റൂഹായിൽ നിന്നും കന്യക മറിയാമിൽ നിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി തീർന്നവനും പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു പീഡയനുഭവിച്ചു സംസ്ക്കരിക്കപ്പെട്ടവനും തിരുവെഴുത്തുകൾക്ക് അനുസരണമായി മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ ഇനിയും മഹിമയോടുകൂടി വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശു മിശിഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു).
3. കർത്താവും ജീവദാതാവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയൻമാർ മുഖാന്തിരം സംസാരിച്ചവനും ആയ പരിശുദ്ധ റൂഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു).
4. കാതോലികവും അപ്പോസ്തോലികവുമായ ഏക സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.
5. പാപമോചനത്തിനുള്ള മാമോദീസ ഒന്നാണെന്ന് ഞങ്ങൾ ഏറ്റു പറഞ്ഞു മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനുള്ള ലോകത്തിലെ ജീവനുമായി നോക്കിപ്പാർക്കുന്നു.

യേശുവിനെ പ്രസവിക്കുന്നതുവരെ മറിയം കന്യകയായിരുന്നു എന്നത് ശരിതന്നെ. പക്ഷേ മറിയത്തെ കന്യക മറിയം എന്ന് ദൈവവചനത്തിൽ വിളിക്കുന്നില്ല. മറിയം നിത്യകന്യകയായിരുന്നില്ല എന്നതുതന്നെ കാരണം. യേശുവിനെ പ്രസവിച്ചശേഷം മറിയം നാല് ആൺമക്കളേയും ഒന്നിലധികം പെൺമക്കളേയും പ്രസവിച്ചു. ഈ വസ്തുത മൂടി വെയ്ക്കാനും മറിയത്തെ വണങ്ങുന്നത് വിശ്വാസപ്രമാണത്തിന്റെ ഭാഗമാണെന്ന് തോന്നിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് കന്യാമറിയം എന്ന വാക്ക് വിശ്വാസപ്രമാണത്തിൽ കൊണ്ടുവന്നത്. സാക്ഷാൽ ചെകുത്താന്റെ ബുദ്ധിയാണ് ഇതിനു പിന്നിൽ.

പാഗൺ മതത്തിൽ ചേരുന്നവരുടെ തലയിൽ വെള്ളം തളിച്ച് ശുദ്ധീകരിക്കുന്ന രീതി ഉണ്ടായിരുന്നു. കുട്ടികളെയും ഈ വിധത്തിൽ വെള്ളം തളിച്ച് ശുദ്ധീകരിച്ചിരുന്നു. ദൈവവചനാനുസൃതമുള്ള മാമോദീസയ്ക്കു പകരമായി ഈ മാമ്മോദീസ കൊണ്ടുവരാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമായാണ് പാപമോചനത്തിന് മാമോദീസ ഒന്നു മാത്രം എന്ന വാചകം ചേർത്തത്. കർത്താവായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും എന്ന ബൈബിൾ വാക്യം ജനം വിസ്മരിക്കാനും പട്ടത്വ മതത്തിൽ ജനത്തെ തളച്ചിടാനും ഈ തിരിമറിമൂലം കഴിഞ്ഞു. ഈ സുന്നഹദോസുകൾക്കു ശേഷവും നിരവധി സുന്നഹദോസുകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അവയ്ക്കൊന്നും സാർവ്വത്രിക അംഗീകാരം ലഭിച്ചില്ല.

നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ഏവരും രക്ഷിക്കപ്പെടും എന്ന് അച്ചൻകുഞ്ഞ് പറയുന്നതിൽ എത്രത്തോളം കഥയുണ്ട്? അച്ചൻകുഞ്ഞിന്റെ വാദം ശരിയാണെങ്കിൽ കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ പട്ടത്വ സഭകളിലേയും അംഗങ്ങൾ രക്ഷിക്കപ്പെട്ടവരാണ്. കാരണം, ഈ സഭകളിലെ അംഗങ്ങൾ നിഖ്യാ വിശ്വാസപ്രമാണം വിശ്വസിക്കുന്നു എന്നു പറയുക മാത്രമല്ല അനുദിനമുള്ള ആരാധനയിൽ ഏറ്റു പറയുകയും ചെയ്യുന്നുണ്ട്. ഇവരൊക്കെ രക്ഷിക്കപ്പെട്ടവരാണെങ്കിൽ അച്ചൻകുഞ്ഞ് അംഗമായിരിക്കുന്ന ഐ.പി.സിക്ക് നിലനിൽക്കാൻ അവകാശമില്ല. പട്ടത്വ സഭകളിലെ അംഗങ്ങൾ രക്ഷിക്കപ്പെട്ടവരാണെങ്കിൽ അവരെ സ്വന്തം സഭകളിൽ നിന്നും അടത്തിയെടുത്ത് പെന്തക്കോസ്തിൽ ചേർക്കുന്നതെന്തിന്?

അച്ചൻകുഞ്ഞ് രക്ഷിക്കപ്പെട്ട വ്യക്തിയല്ല. വീണ്ടും ജനനം എന്നൊന്ന് അച്ചൻകുഞ്ഞിന്റെ ജീവിതത്തിൽ നടന്നിട്ടില്ല. നിഖ്യാ വിശ്വാസപ്രമാണം അംഗീകരിക്കുന്നവരെല്ലാം രക്ഷിക്കപ്പെട്ടവരാണെന്ന് വീണ്ടുംജനിച്ചവർ പറയുകയില്ല. ബെന്നിയേപ്പോലുള്ളവരെ ദൈവമക്കളായി അവതരിപ്പിക്കുകയുമില്ല. ദൈവമക്കൾ സൂക്ഷിക്കുക, അച്ചൻകുഞ്ഞ് ബിലെയാമിന്റെ ഉപദേശക്കാരനാണ്. ദൈവമക്കളെ വഴി തെറ്റിക്കാനായി സാത്താൻ അച്ചൻകുഞ്ഞിനെ ഉപയോഗിക്കുകയാണ്.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan